# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോർക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 12)1100/2021,
തീയതി. 05.11.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 21/02/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോർക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 12)1100/2021, തീയ്യതി: 21/02/2022
തീയതി. 05.11.2021

## തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 13-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റീന ജോസഫ്, ഓഡിറ്റ് ഓഫീസർ
ലിഷ കെ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രേഖ സി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (14.07.2021 മുതൽ 16.07.2021 വരെ)
അനീറ്റ ഡൊമിനിക്, ഓഡിറ്റർ
സ്വാലിഹ് സി.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഓമന ബാബു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ഷീജ.എൻ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-04-2019 |
| വൃന്ദ.വി | സെക്രട്ടറി | 24-04-2019 | 30-04-2019 |
| ഷീജ.എൻ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2019 | 12-05-2019 |
| വൃന്ദ.വി | സെക്രട്ടറി | 13-05-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷീജ.എൻ.വി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| രാഹുൽ.ഇ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.റിൻസി.പി | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.കവിത | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.ബൈജു.ഇ.കെ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ബിന്ദു.സി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| രോഹിണി.ടി.ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ജിഷ.കെ.ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഗംഗാധരൻ.കെ | കൃഷി ഓഫീസർ | 01-04-2019 | 30-09-2019 |
| ജയശ്രീ | കൃഷി ഓഫീസർ | 01-10-2019 | 15-10-2019 |
| റജീന.വി.സി | കൃഷി ഓഫീസർ | 16-10-2019 | 08-12-2019 |
| രാഗേഷ്.സി.ആർ | കൃഷി ഓഫീസർ | 09-12-2019 | 31-03-2020 |

.

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Reena Joseph (Audit Officer, On 18-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Rekha C (Asst. Audit Officer, On 18-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Rekha C (Asst. Audit Officer, On 18-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Rekha C (Asst. Audit Officer, On 18-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Reena Joseph (Audit Officer, On 18-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Reena Joseph (Audit Officer, On 18-07-2021)<br>Last Updated By: Reena Joseph (Audit Officer, On 24-07-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Reena Joseph (Audit Officer, On 18-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Swalih C.P (Auditor, On 30-07-2021)<br>Last Updated By: Reena Joseph (Audit Officer, On 31-07-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Reena Joseph (Audit Officer, On 18-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Reena Joseph (Audit Officer, On 18-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-11 |
| 12 | വസ്തുനികുതി സാംഖ്യ - സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-11-1 |
| 13 | മുൻകൂർ ക്രമീകരണം സഞ്ചയ-സാംഖ്യ പൊരുത്തപ്പെടുന്നില്ല<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-11-2 |
| 14 | വസ്തു നികുതി യഥാസമയം ഡിമാൻറ് ചെയ്യപ്പെടുന്നില്ല<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-11-3 |
| 15 | ലൈബ്രറി സെസ് - തുകകളിൽ വ്യത്യാസം<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-11-4 |
| 16 | രജിസ്റ്റർ പരിപാലനം- അപാകതകൾ<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-11-5 |
| 17 | കാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് തുക പൊരുത്തപ്പെടുന്നില്ല<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-11-6 |

| | | |
|---|---|---|
| 18 | ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക്, പാസ് ബുക്ക് ബാലൻസും വ്യത്യാസപ്പെട്ടിരിക്കുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-11-7 |
| 19 | തൊഴിലുറപ്പ് പദ്ധതി-കാഷ് ബുക്കും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-11-8 |
| 20 | സ്പെസിഫിക് എ.സി.ആർ എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Rekha C (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-11-9 |
| 21 | രജിസ്റ്ററിലും വാർഷിക കണക്കിലും ഉൾപ്പെടാത്ത തുക വൗച്ചർ പ്രകാരം ചെലവഴിച്ചത് പൊരുത്തപ്പെടുന്നില്ല<br>Written By: Rekha C (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-11-10 |
| 22 | തൊഴിൽനികുതി അപാകതകൾ<br>Written By: Anita Dominic (Auditor, On 29-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-12 |
| 23 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.<br>Written By: Anita Dominic (Auditor, On 31-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-12-1 |
| 24 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 31-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-12-2 |
| 25 | റേഷൻകടയുടമകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-12-3 |
| 26 | വസ്തുനികുതി അപാകതകൾ<br>Written By: Anita Dominic (Auditor, On 29-07-2021)<br>Last Updated By: Anita Dominic (Auditor, On 01-08-2021) | 1-13 |
| 27 | റദ്ദാക്കിയ സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 31-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-13-1 |
| 28 | വിമുക്തഭടന്മാരുടെ കെട്ടിടനികുതി ഇളവ്-അപാകതകൾ<br>Written By: Anita Dominic (Auditor, On 31-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-13-2 |
| 29 | പൊളിച്ചുമാറ്റിയ കെട്ടിടത്തിന്റെ അതുവരെയുള്ള വസ്തുനികുതി ഈടാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 02-08-2021)<br>Last Updated By: Anita Dominic (Auditor, On 02-08-2021) | 1-13-3 |
| 30 | തനത് ഫണ്ട് നിക്ഷേപത്തിനായി ഒന്നിലധികം അക്കൗണ്ടുകൾ<br>Written By: Swalih C.P (Auditor, On 30-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-14 |
| 31 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച്.<br>Written By: Swalih C.P (Auditor, On 30-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-15 |
| 32 | ലേലം അപാകതകൾ<br>Written By: Swalih C.P (Auditor, On 30-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-16 |
| 33 | ടെണ്ടർ ഫോറം വില ലഭ്യമായിട്ടില്ല<br>Written By: Reena Joseph (Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-17 |

| | | |
|---|---|---|
| 34 | നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം പിരിച്ചെടുക്കുന്നത് - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല<br>Written By: Reena Joseph (Audit Officer, On 02-08-2021)<br>Last Updated By: Reena Joseph (Audit Officer, On 02-08-2021) | 1-18 |
| 35 | വിവിധ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കിയിട്ടില്ല<br>Written By: Reena Joseph (Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-19 |
| 36 | പട്ടികജാതിയിൽപെട്ട കുട്ടികൾക്ക് പഠന മുറി-വസ്തു നികുതി പുനർനിർണ്ണയിച്ചിട്ടില്ല<br>Written By: Rekha C (Asst. Audit Officer, On 31-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-19 |
| 37 | ഗ്രാമസഭ മിനിറ്റ്സ് - നടപടിചട്ടങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല<br>Written By: Reena Joseph (Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-20 |
| 38 | പത്ര പരസ്യം - ഡിസ്കൗണ്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്<br>Written By: Reena Joseph (Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-21 |
| 39 | വാർഡ്തല സമിതിക്ക് നൽകിയ തുകയുടെ ചെലവ് രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല<br>Written By: Reena Joseph (Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-22 |
| 40 | തെരുവ് വിളക്ക് പരിപാലനം-അപാകതകൾ<br>Written By: Lisha.K.V (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-23 |
| 41 | തെരുവ് വിളക്ക് പരിപാലനം-രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Lisha.K.V (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-24 |
| 42 | അസി. സെക്രട്ടറിയുടെ വിവിധ പദ്ധതികൾ - അർഹത തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്<br>Written By: Rekha C (Asst. Audit Officer, On 31-07-2021)<br>Last Updated By: Swalih C.P (Auditor, On 21-02-2022) | 1-25 |
| 43 | പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ-രേഖകൾ ലഭ്യമാക്കിയില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു<br>Written By: Rekha C (Asst. Audit Officer, On 31-07-2021)<br>Last Updated By: Swalih C.P (Auditor, On 21-02-2022) | 1-26 |
| 44 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ നടത്തിയ പദ്ധതികളിലെ അപാകതകൾ<br>Written By: Rekha C (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-12-2021) | 1-27 |
| 45 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ<br>Written By: Anita Dominic (Auditor, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-28 |
| 46 | വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 30-07-2021)<br>Last Updated By: Swalih C.P (Auditor, On 21-02-2022) | 1-29 |
| 47 | വിവാഹ ധനസഹായം എസ്.സി - അർഹത തെളിയിക്കുന്ന രേഖകളിൽ വ്യത്യാസം<br>Written By: Rekha C (Asst. Audit Officer, On 31-07-2021)<br>Last Updated By: Swalih C.P (Auditor, On 21-02-2022) | 1-30 |
| 48 | വയോജനങ്ങൾക്ക് കട്ടിൽ - ടെൻഡർ നടപടികൾ സുതാര്യമല്ല<br>Written By: Rekha C (Asst. Audit Officer, On 31-07-2021) | 1-31 |

| | | |
|---|---|---|
| | Last Updated By: Swalih C.P (Auditor, On 21-02-2022) | |
| 49 | അങ്കണവാടിക്കായി സ്ഥലം വാങ്ങൽ -ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Lisha.K.V (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 05-01-2022) | 1-32 |
| 50 | കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം-സംയുക്തപരിശോധന നടത്തിയതിന്റെ വിവരം ലഭ്യമല്ല<br>Written By: Lisha.K.V (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-01-2022) | 1-33 |
| 51 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Lisha.K.V (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-01-2022) | 1-34 |
| 52 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Lisha.K.V (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-01-2022) | 1-35 |
| 53 | സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സ്ഥാപനത്തിന് മുൻകൂർ അനുവദിച്ചു<br>Written By: Lisha.K.V (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-36 |
| 54 | കേരളോത്സവം നടത്തിപ്പ്-രേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Lisha.K.V (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 1-37 |
| 55 | ഐ.എസ്.ഒ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമല്ല<br>Written By: Lisha.K.V (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-01-2022) | 1-38 |
| 56 | ക്ലബുകൾക്കുള്ള സ്പോർട്സ് കിറ്റുവിതരണം-രജിസ്റ്റ്രേഷൻ രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Lisha.K.V (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-01-2022) | 1-39 |
| 57 | പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ (ഓൺഗ്രിഡ്) സ്ഥാപിക്കൽ - അനെർട്ടിൽ നിന്നും സബ്സിഡി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-01-2022) | 1-40 |
| 58 | കരാറുകാരിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കേണ്ടത് സംബന്ധിച്ച്<br>Written By: Reena Joseph (Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-01-2022) | 1-41 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Reena Joseph (Audit Officer, On 31-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-01-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| | Written By: Rekha C (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-01-2022) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Reena Joseph (Audit Officer, On 15-07-2021)<br>Last Updated By: Reena Joseph (Audit Officer, On 15-07-2021) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Reena Joseph (Audit Officer, On 15-07-2021)<br>Last Updated By: Reena Joseph (Audit Officer, On 15-07-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Reena Joseph (Audit Officer, On 17-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Reena Joseph (Audit Officer, On 17-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-01-2022) | 4-6 |
| 7 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Reena Joseph (Audit Officer, On 15-07-2021)<br>Last Updated By: Reena Joseph (Audit Officer, On 15-07-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Reena Joseph (Audit Officer, On 15-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Reena Joseph (Audit Officer, On 15-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-11-2021) | 4-9 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പോർക്കളം ഗ്രാമപഞ്ചായത്ത് 22.02.19 ലെ പഞ്ചായത്ത് ഭരണസമിതി 1 (1) നമ്പർ തീരുമാനപ്രകാരം 2019 -20 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരമുള്ള വരവ് 21,16,61,686 രൂപയും ചെലവ് 20,88,10,110 രൂപയും ആണ്. അംഗീകരിച്ച ബജറ്റിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214 (7)-ാം വകുപ്പനുസരിച്ചുള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 26-05-2020 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 7706515 |
| ഓഡിറ്റ് വർഷത്തെ വരവ് | 41563058 |
| ആകെ | 49269573 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 41751762 |
| നീക്കിയിരിപ്പ് | 7517811 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 23,72,017 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 9318723 | 9318723 | 6365467 | 2953256 | |
| വികസന ഫണ്ട് (SCP) | - | 6853882 | 6853882 | 4979443 | 1874439 | |
| വികസന ഫണ്ട് (TSP) | - | 184995 | 184995 | - | 184995 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC - Tied) | - | - | - | - | - | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC - UnTied) | - | 5741415 | 5741415 | 3145681 | 2595734 | |

| | | | | | | |
|---|---|---|---|---|---|---|
| ലോകബാങ്ക് സഹായം | - | - | - | - | - | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | - | 12192000 | 12192000 | 5331449 | 6860551 | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | - | 3251000 | 3251000 | 2508145 | 742855 | |
| | | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. 320100121 | 874498 | 447757 | 1322255 | 0 | 1322255 | |
| ടോട്ടൽ സാനിറ്റേഷൻ | 1361822 | 24000 | 1385822 | 0 | 1385822 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| കേരളോത്സവം 320200323 | 0 | 50000 | 50000 | 50000 | 0 | |

കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാന ആവിഷ്കൃത ഫണ്ട് എന്നിവയിലെ വരവു ചെലവുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭിച്ചില്ല. ആയതിനാൽ പ്രസ്തുത ശീർഷകങ്ങളിലെ വരവുചെലവുകൾ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. ഐ.സി.ഡി.എസ്, ടോട്ടൽ സാനിറ്റേഷൻ എന്നീ കേന്ദ്രാവിഷ്കൃത ഫണ്ടിനങ്ങളിലും, കേരളോത്സവം എന്ന സംസ്ഥാനാവിഷ്കൃത ഫണ്ടിനത്തിലും പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് ചേർത്തത് .

## 1-5 പദ്ധതി അവലോകനം

2019-20 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 180 | 56126138 | 82 | 28632141 | 40 | 58 | 45.56 % |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 957 | 1249292 | 1250249 | 1250249 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16725636 | 16725636 | 16725636 | 0 |
| മൂലധനച്ചെലവുകൾ | - | - | - | - | 0 |
| ആകെ | 957 | 17974928 | 17975885 | 17975885 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വികലാംഗപെൻഷൻ | 559800 | 121 |
| കർഷകതൊഴിലാളി പെൻഷൻ | 594000 | 161 |
| വിധവാപെൻഷൻ | 2908800 | 824 |
| വാർദ്ധക്യകാലപെൻഷൻ | 3682500 | 1086 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞവർക്കുള്ള പെൻഷൻ | 423000 | 120 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2021 തിയതിയിൽ 3:00 Pm- ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4407/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

എ) സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഫലപ്രദമായ ഇടപെടൽ നടക്കുന്നില്ല

വാർഷിക പദ്ധതി തയ്യാറാക്കുന്നതിൽ ബന്ധപ്പെട്ട മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളെ പുനസംഘടിപ്പിക്കുന്നതിലും പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകി ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിലും സ്റ്റാൻഡിംഗ് കമ്മറ്റികൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ലെന്ന് കാണുന്നു. സ്റ്റാന്റിംഗ് കമ്മറ്റികളുടെ യോഗങ്ങളിലൊന്നിലും വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഗൗരവതരമായ ചർച്ചകളോ തീരുമാനങ്ങളോ കൈകൊണ്ടിട്ടില്ല. അതാത് മേഖലകളുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിലും പദ്ധതികളുണ്ടാക്കുന്നതിലും വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ കൃത്യമായ മേൽനോട്ടമാവശ്യമാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പുനഃസംഘാടനം, കുറ്റമറ്റ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലെ മേൽനോട്ടം, സ്റ്റാറ്റസ് റിപ്പോർട്ടുകൾ അംഗീകരിക്കൽ, കീഴിൽ വരുന്ന മേഖലകളിലെ പ്രോജക്ടുകൾ പരിശോധിച്ച് ഭരണ സമിതിക്ക് ശുപാർശ ചെയ്യൽ, വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യാനുസരണം യോഗങ്ങൾ ചേരുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തൽ, അംഗീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തൽ, മോണിറ്ററിംഗ് ഉടങ്ങിയ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

ബി) ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ (ജി.ഒ.(എം.എസ്.)72/2017/ത.സ്വ.ഭ.വ, തീയതി.29-3-2017) ഓരോ തദ്ദേശ ഭരണസ്ഥാപനവും മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് റോഡ് / റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഇത്തരത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-2-2021 | 2020 ഡിസംബർ വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 16.3.2009 മുതൽ 19.3.2009 വരെ | 1997-98 മുതൽ 2004-05 വരെ | 19.4.2010 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-11-1 വസ്തുനികുതി സാംഖ്യ - സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1 തൻവർഷം

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 1525825 | 1471297 | 32629 | 23671 |

| | | | | |
|---|---|---|---|---|
| പ്രകാരം | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1525825 | 1471297 | - | 23719 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ | 24905 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 1042928 | 1002221 | 25137 | 18114 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1042928 | 1002221 | -- | 18119 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | ( 19025/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2 കടിശ്ശിക

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 18267 | 9304 | 8963 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 16939 | 9304 | 8085 |
| | (2018-19 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15(4473+13313 /105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 ) 9329/105*100 |

2.2 കടിശ്ശിക

2.2.2 നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 12502 | 12502 | - |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ | 13085 | 12502 | - |
| | (2018-19 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ | (റസീറ്റ് & പേയ്മെന്റ് പത്രിക, | /105X100)....ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് |

| | | | |
|---|---|---|---|
| പ്രകാരം | ബി-15)3153+10586 /105*100) | ഷെഡ്യൂൾ ആർ.പി-43) | തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 ) |

2.3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 78215 | 848 | 79063 | 75212 | 482 | 75694 | 1857 | - | 1234 | 366 | 1600 |
| | നോൺ-റെസിഡൻഷ്യൽ | 52627 | 629 | 53256 | 50568 | 629 | 51197 | 1274 | - | 911 | - | 911 |
| | ആകെ | | | 132319 | | | 126891 | 3131 | | 2145 | 366 | 2511 |
| | | | | | | | | | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 75009 | | | 85550 | | | | - | 2511 | | |
| | | 1520+73489 =(2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt Cess/levies ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4- സർവ്വീസ് സെസ്

2-4-1 തൻവർഷം -റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 147877 | 142942 | 2824 | 2288 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 142025 | 135869 | - | 2288 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | |

2.4. സർവ്വീസ് സെസ്

2-4-2 തൻവർഷം - നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 104763 | 100677 | 2523 | 1816 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 90758 | 85901 | - | 301 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | |

2.4. സർവ്വീസ് സെസ്

2-4- കുടിശ്ശിക - റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1254 | 1254 | 0 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1705 | 949 | - | 1468 |
| | (2018-19 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15( | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | |

2.4. സർവ്വീസ് സെസ്

2-4-2 കുടിശ്ശിക - നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1254 | 1254 | 0 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1312 | 1254 | - | 0 |
| | (2018-19 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15( | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | |

2.3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,2.2.2,2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

## 1-11-2 മുൻകൂർ ക്രമീകരണം സഞ്ചയ-സാംഖ്യ പൊരുത്തപ്പെടുന്നില്ല

4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ (LC Included) |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 1860 | 1772 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 2670 | 2544 |

## 1-11-3 വസ്തു നികുതി യഥാസമയം ഡിമാൻറ് ചെയ്യപ്പെടുന്നില്ല

2.5 1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ പോർക്കുളം ഗ്രാമപഞ്ചായത്തിൽ പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്നശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20സാമ്പത്തിക വർഷത്തെ ഡിമാന്റ് 17.6.19,30.3.20ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻടികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻടികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-4 ലൈബ്രറി സെസ് - തുകകളിൽ വ്യത്യാസം

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിൽ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ് ഉൾപ്പെടെ ) 53259 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101101 -State Govt Levies In Property Tax എന്ന ശീർഷകത്തിൽ വരേണ്ട തുക 2536(53259/105*5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 2511 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-11-5 രജിസ്റ്റർ പരിപാലനം- അപാകതകൾ

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11-6 കാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് തുക പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 188704 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2674727 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-7 ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക്, പാസ് ബുക്ക് ബാലൻസും വ്യത്യാസപ്പെട്ടിരിക്കുന്നു

താഴെ ചേർത്തിരിയ്ക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസ് അല്ല റീകൺസീലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നത്.

| S.no | ബാങ്ക് | Bank Book Balance | Pass Book Balance | Bank Book Balance As Per Reconciliation Statement | AFS പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | Sbi Own Fund | 2648140 | 2259747 | 2182077 | 2648140 |
| | Co-operative Bank Own Fund | 2501386 | 2501386 | 2521087 | 2501386 |
| | Sbi E Payment | 42255 | 82086 | 48915 | 42255 |

## 1-11-8 തൊഴിലുറപ്പ് പദ്ധതി-കാഷ് ബുക്കും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14 (A)) പ്രകാരമുള്ള തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. കണക്കുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-11-9 സ്പെസിഫിക് എ.സി.ആർ എഴുതി സൂക്ഷിച്ചിട്ടില്ല.

Rp-7 പ്രകാരമുള്ള 160100716, 160300102 Rp-31 പ്രകാരമുള്ള വരവുകൾ അവയുമായി ബന്ധപ്പെട്ട ചെലവുകൾ, ബാലൻസ് എന്നിവ പരിശോധിക്കാൻ ആവശ്യമായ സ്പെസിഫിക് എ.സി.ആർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് ആധികാരികമായി തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-11-10 രജിസ്റ്ററിലും വാർഷിക കണക്കിലും ഉൽപ്പെടാത്ത തുക വൗച്ചർ പ്രകാരം ചെലവഴിച്ചത് പൊരുത്തപ്പെടുന്നില്ല

തൻ വർഷം വിധവകളുടെ പെൺമക്കളുടെ ധന സഹായമിനത്തിൽ 30,000/- രൂപ ചെലവുള്ളതായി വൗച്ചർ പ്രകാരം കാണുന്നു. എന്നാൽ വാർഷിക കണക്കും രജിസ്റ്റർ പ്രകാരവും ഈയിനത്തിൽ വരവു ചെലവുകൾ ഇല്ല. ഇതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്.

പോർക്കുളം ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച് നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

## 1-12-1 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1. താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2019-20 വർഷത്തിലെ രണ്ട് അർദ്ധവർഷത്തെയും സ്ഥാപന തൊഴിൽനികുതി അടവാക്കിയിട്ടില്ല

    1. ബെറ്റർ ഫാബ്രിക്കേറ്റേഴ്സ്, BRD ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

    2. ബെസ്റ്റ് ഫാബ്രിക്കേറ്റേഴ്സ്, BRD ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

2. കാത്തലിക് സിറിയൻ ബാങ്കിലെ മാനേജർ ജോയ് ഡി. പെല്ലിശ്ശേരി 2019-20 രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽനികുതി അടവാക്കിയിട്ടില്ല. പ്രസ്തുത വ്യക്തി ട്രാൻസ്ഫറായി പോയിട്ടുണ്ടെങ്കിൽ പകരം വന്ന വ്യക്തിയിൽനിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. ഒരു മാനേജരും ഒരു ക്ലർക്ക് കം ക്യാഷ്യറും മാത്രമുള്ള ബാങ്കിൽ നിന്നും മാനേജറുടെ തൊഴിൽനികുതി അടവാക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

3. എം. കെ. ബിൽഡിംഗ് മെറ്റീരിയൽസ് എന്ന സ്ഥാപനത്തിലെ 5 ജീവനക്കാരുടെ 2019-20 വർഷത്തെ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതി അടവാക്കിയിട്ടില്ല.
4. അക്കിക്കാവ് സെന്റ് മേരീസ് കോളജിലെ സിനി തമ്പി, ഓഫീസ് സ്റ്റാഫ് രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽനികുതി അടവാക്കിയിട്ടില്ല.
5. അക്കിക്കാവ് ഇൻഡ്യൻ കോഫി ഹൗസിലെ 3 ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽനികുതി അടവാക്കിയിട്ടില്ല.

    I) എം. പ്രദീപ്, കൗണ്ടർ ക്ലർക്ക് II) കെ. അനീഷ് , ഹെഡ് അസിസ്റ്റന്റ് പാൻട്രിമാൻ III) കെ അനിൽ, ഹെഡ് അസിസ്റ്റന്റ് ബെയറർ

6. PSM College Of Dental Sciences ലെ താഴെ തൊടുത്തിരിക്കുന്ന ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽനികുതി അടവാക്കിയിട്ടില്ല.
I) ഡോ. അനൂപ്കുമാർ, റീഡർ
II) Ms. സ്റ്റെഫി ടി.പി., ലക്ചറർ
III) ഡോ. സമീറ ഹംസ, ജൂനിയർ ലക്ചറർ
IV) ഡോ. മുഹമ്മദ് ലുബൈബ്, ജൂനിയർ ലക്ചറർ
V) Ms. സ്റ്റെഫി മരിയ ജോൺ, ജൂനിയർ ലക്ചറർ
VI) ഡോ. വിദ്യ ആർ നായർ, ജൂനിയർ ലക്ചറർ
VII) ഉമ്മർ, X-ray ടെക്നിഷ്യൻ

തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-2 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന കരാറുകാരുടെ പേരുകളാണ് ചുവടെ ചേർത്തിട്ടുള്ളത്. താഴെ കാണുന്ന 6 കരാറുകാരിൽ നിന്നും വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| നം. | പേര് |
|---|---|
| 1 | ബാബു പി.കെ. |
| 2 | ഹസൻ ഷമീർ |
| 3 | എം. എസ്. ശ്രീരാമകൃഷ്ണൻ |
| 4 | പി.എച്ച്. അഷറഫ് |
| 5 | അനന്തകൃഷ്ണൻ നായർ |
| 6 | സുനിൽകുമാർ |

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇവർ മറ്റെതെങ്കിലും ഗ്രാമപഞ്ചായത്തിൽ / നഗരസഭയിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-12-3 റേഷൻകടയുടമകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 5 റേഷൻകടകളുടെ വിവരങ്ങളാണ് താഴെക്കൊടുത്തിരിക്കുന്നത്.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് |
|---|---|---|
| 1 | ARD No.31 9/32 | വി.പി.ചിന്ന, അകതിയൂർ |
| 2 | ARD No.32 5/424 | ജോൺ പാറേംപാടം |
| 3 | ARD No.35 13/245F | രാജഗോപാൽ മങ്ങാട് |
| 4 | ARD No.255 8/359 | ലിസ്സി വർഗ്ഗീസ് കമ്പിപ്പാലം |
| 5 | ARD No.34 3/300,301 | എൻ. ആർ. തിലകപ്രകാശ്, പോർക്കളം |

ഇവരിൽനിന്നും 2019-20 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിക്ക് (നം.11/ 2019-20/ 23.07.2021) ആയത് ഈടാക്കിയിട്ടില്ലെന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-13 വസ്തുനികുതി അപാകതകൾ

പോർക്കളം ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിയുമായി ബന്ധപെട്ട നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. വസ്തുനികുതിയുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവയാണ് പരിശോധനക്കായി പ്രധാനമായും ഉപയോഗപ്പെടുത്തിയത്. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വലിയ പങ്ക് ആണ് വസ്തുനികുതിക്ക് ഉള്ളത്. ആയതിനാൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട അപാകതകൾ എത്രയും പെട്ടെന്ന പരിഹരിച്ച് പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കാനുള്ള നടപടികളിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13-1 റദ്ദാക്കിയ സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല

സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം | റദ്ദാക്കിയ സാംഖ്യ രസീത് നം/തീയതി | കാലയളവ് | തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | XI /121 | ആര്യ അന്തർജ്ജനം കരകന്നൂര് വടക്കേടത്ത് മന,വേദക്കാട്,പോർക്കുളം | 119050102047 / 29.10.2020 | 2019-20 ഒന്നം രണ്ടും അർദ്ധ വർഷങ്ങൾ | 228 |
| 2 | XII / 104A | കരുമത്തിൽ സരോജിനി അമ്മ മകൻ സേതുമാധവൻ | 119050102987 / 04.12.2020 | 2019-20 ഒന്നം രണ്ടും അർദ്ധ വർഷങ്ങൾ | 353 |
| | | | | ആകെ | 581 |

റദ്ദാക്കിയ സാംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നം നീക്കിയിട്ടില്ലാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/ 2019-20 / 23.07.2021) കഴിഞ്ഞ സാമ്പത്തികവർഷത്തെ രസീതുകൾ നിലവിൽ സഞ്ചയയിൽ നിന്നം നീക്കം ചെയ്യാൻ കഴിയില്ല എന്നതിനാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷൻ സമയത്ത് ആയത് നീക്കം ചെയ്ത് പ്രസ്തുത തുക അടവാക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നം ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതെ ഇരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13-2 വിമുക്തഭടന്മാരുടെ കെട്ടിടനികുതി ഇളവ്-അപാകതകൾ

സ.ഉ (കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക് /വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക് / വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. വിമുക്ത ഭടന്മാർക്ക് നികുതി ഇളവിന് തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്ത വീടിന് മാത്രമേ അർഹതയുള്ളൂ. ഇളവ് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് .

ഇളവ് സംബന്ധിച്ച് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടത്തിന്റെ തറവിസ്തീർണ്ണം, നിർണ്ണയിച്ച നികുതി എന്നീ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. പരിശോധന റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഓരോ അപേക്ഷകരുടെയും കെട്ടിട ഏരിയ വിവരം രേഖപ്പെടുത്തേണ്ടതാണ്. അധിക ഏരിയക്ക് നികുതി കണക്കാക്കേണ്ടതാണ്.

വിമുക്തഭടന്മാരുടെ കെട്ടിടനികുതിയിളവ് സംബന്ധിച്ച വിവരങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ വച്ച് അംഗീകാരം നേടിയിട്ടില്ല. ഈ വിഷയം പഞ്ചായത്തിന്റെ ധനാഗമമാർഗ്ഗവുമായി ബന്ധപ്പെട്ടതാകയാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ വച്ച് അപേക്ഷകൾക്ക്/സാക്ഷ്യപത്രങ്ങൾക്ക് നിർബന്ധമായും അംഗീകാരം നേടേണ്ടതാണ്.

## 1-13-3 പൊളിച്ചുമാറ്റിയ കെട്ടിടത്തിന്റെ അതുവരെയുള്ള വസ്തുനികുതി ഈടാക്കിയിട്ടില്ല

കരുമാംപാറ രാമൻ മകൻ ബാലൻ (XIII/278) എന്ന വ്യക്തിയുടെ കെട്ടിടം 2019-20 വർഷത്തിൽ പൊളിച്ചുകളഞ്ഞതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പൊളിച്ചുമാറ്റിയ കെട്ടിടത്തിന്റെ വസ്തുനികുതി 2016 രണ്ടാം അർദ്ധവർഷം വരെയേ അടവാക്കിയിട്ടുള്ളൂ. 2019-20 വർഷം വരെയുള്ള വസ്തുനികുതി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 തനത് ഫണ്ട് നിക്ഷേപത്തിനായി ഒന്നിലധികം അക്കൗണ്ടുകൾ

സർക്കുലർ 58725/എഫ്.എം.3.2008/ തസ്വഭവ/ 26.5.11 പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നുണ്ട്. ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്താൻ പാടുള്ളതുമല്ല. പഞ്ചായത്തിന് പോർക്കുളം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലും തനത് ഫണ്ടിനായി അക്കൗണ്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 13/27.7.2021) നൽകിയ മറുപടിയിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് സർവീസ് സഹകരണ ബാങ്കിലാണെങ്കിലും നിലവിൽ ഓൺലൈൻ ഇ-പേയ്മെന്റ് സംവിധാനങ്ങൾ മുഖേനെയുള്ള ക്യാഷ് ഇടപാടുകൾ അധികമായി വേണ്ടി വരുന്ന സാഹചര്യത്തിൽ പ്രസ്തുത സേവനങ്ങൾക്ക് വേണ്ടിയാണ ദേശസാൽകൃത ബാങ്കിലെ അക്കൗണ്ട് നിലനിർത്തുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. തനത് ഫണ്ട് ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്ന് സർക്കാർ നിർദ്ദേശമുള്ള സാഹചര്യത്തിൽ തനത് ഫണ്ട് ഒരു അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച്.

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 12(3) പ്രകാരം മറ്റ് സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ടതില്ലാത്ത കേസുകളിൽ 30 ദിവസത്തിനകവും ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ /വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകവും ലൈസൻസ് നൽകണം. എന്നാൽ ലൈസൻസിനായി നൽകിയ 55 അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് മേൽ കാലാവധി കഴിഞ്ഞാണ് ലൈസൻസ് നൽകിയത്.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര് | സ്ഥാപനം | അപേക്ഷ തീയതി | ലൈസൻസ് അനുവദിച്ച തീയതി |
|---|---|---|---|---|---|
| 1 | 8/217 A | ഷൈൻ | ഷൈൻ ഫ്ലെക്സിബിൾ പ്രിന്റ് ആന്റ് പാക്ക് | 2.2.2019 | 5.4.2019 |
| 2 | 7/42 E | അശോകൻ | സർവീസ് സ്റ്റേഷൻ | 20.2.2019 | 8.5.2019 |
| 3 | 6/196 | എ കെ കാസിം | ബ്രദേർസ് സോഡ | 20.2.2019 | 8.5.2019 |
| 4 | 1/283 | വിൽസൺ കെ ഐ | നെൽകോ ബുക്ക് ഇൻഡസ്ട്രീസ് | 21.2.2019 | 18.6.2019 |
| 5 | 7/416,417 | ടി കെ സഹദേവൻ | ഹോളോ ബ്രിക്സ് നിർമാണം | 22.2.2019 | 4.6.2019 |
| 6 | 1/323 | ജോസഫ് | മിൽമ ഏജൻസിസ് | 22.2.2019 | 6.6.2019 |
| 7 | 5/8,9,10 | വി എം സിറാജുദീൻ | എ വൺ സോ മിൽ | 22.2.2019 | 8.5.2019 |
| 8 | 9/13 | ഋഷിക് ജാനിൽ | നവകം ഏജൻസിസ് | 25.2.2019 | 20.5.2019 |
| 9 | 7/310 C | കെ കെ പ്രഭാകരൻ | ഇന്ത്യൻ കോഫി ഹൗസ് | 25.2.2019 | 30.5.2019 |
| 10 | 2/263 | സി എം ബഷീർ | ഷഫ്ന സ്റ്റോഴ്സ് | 25.2.2019 | 18.6.2019 |
| 11 | 9/18 | കൊച്ചു സാറാ ജോർജ് | പനയ്ക്കൽ റൈസ് മിൽ | 26.2.2019 | 28.5.2019 |
| 12 | 3/224 | എം എം ഇബ്രാഹിം | സീതാറാം ആയുർവേദിക് | 26.2.2019 | 28.6.2019 |
| 13 | 3/224 A | എം എം ഇബ്രാഹിം | ഇബ്രാഹിം സ്റ്റോർസ് | 26.2.2019 | 28.6.2019 |
| 14 | 2/202 A | ജിഷ പി ജെ | ടെക്നിക്ക | 26.2.2019 | 15.6.2019 |
| 15 | 7/250 | ജിഷ പി ജെ | ടെക്നിക്ക | 26.2.2019 | 15.6.2019 |

അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിനു കാലതാമസം ഉണ്ടായതാണു ഇതിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 13/27.7.2021 ന്റെ മറുപടി).

2.പരിശോധിച്ച ആദ്യത്തെ 50 അപേക്ഷകളിൽ എല്ലാ അപേക്ഷകളും സ്വീകരിച്ച ലൈസൻസ് നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 21 അപേക്ഷകളിൽ ലൈസൻസ് നൽകിയതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ക്രമ നമ്പർ 1 മുതൽ 16 വരെ, 36, 38, 46, 48, 49 എന്നീ അപേക്ഷകൾ). ഓഡിറ്റ് എൻക്വയറി നമ്പർ 13/27.7.2021 നു നൽകിയ മറുപടിയിൽ പ്രസ്തുത അപേക്ഷകൾ സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. ലൈസൻസ് അനുവദിക്കുമ്പോൾ തന്നെ അപേക്ഷകളിൽ തീരുമാനം സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ (പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച

വിജ്ഞാപനം എന്നിവയനുസരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാലും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ട് ഇല്ലാത്തതിനാലും ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. തുടർ വർഷങ്ങളിൽ അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നുണ്ടെന്ന ഉറപ്പാക്കുന്നതും അതു പ്രകാരം ഫീ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 13/27.7.2021).

ലൈസൻസ് നൽകൽ നടപടിക്രമങ്ങളിൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കപ്പെടുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 ലേലം അപാകതകൾ

പഞ്ചായത്തിലെ ലേലം സംബന്ധിച്ചുള്ള ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. പൂമരം ലേലം

ലേല നോട്ടീസ് തീയതി : 29.6.2019

ലേല തീയതി : 10.7.2019

ലേലം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച തീരുമാനം നമ്പർ : 10(2)

തീയതി :29.6.2019

ലേലം നടക്കുന്നതിനു മുൻപ് ലേലം അംഗീകരിച്ചുള്ള കമ്മിറ്റി തീരുമാനം ഉണ്ടായതും പ്രസ്തുത മരത്തിന്റെ വില നിർണയിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.14/27.7.21) പ്രസ്തുത മരം 2019 മഴക്കാലത്തു കടപുഴകി വീണതാണെന്നും ആയത് മുറിച്ച മാറ്റേണ്ട അടിയന്തിര സാഹചര്യമുണ്ടായതിനാൽ വനം വകുപ്പിന്റെ വാല്യുവേഷൻ ലഭ്യമാക്കാൻ സാധിച്ചിട്ടില്ല എന്നും അടിയന്തിര സാഹചര്യം മുൻനിർത്തിയാണ് പ്രസ്തുത മരം ലേലം നടത്താൻ കമ്മിറ്റി തീരുമാനിച്ചതെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ലേലം നടന്ന തീയതിക്ക് മുൻപ് തന്നെ ലേലം അംഗീകരിക്കപ്പെട്ടത് എങ്ങനെയാണെന്ന വ്യക്തമല്ല. ഇക്കാര്യം വിശദീകരിക്കേണ്ടതാണ്.

2. ഇലക്ട്രിക്ക് പാഴ് വസ്തുക്കൾ

A. ലേല നോട്ടീസ് പ്രകാരം താഴെ പറയുന്ന സാധനങ്ങൾ ആണ് ലേലം ചെയ്യാൻ ഉണ്ടായിരുന്നത്.

| Sl No | Materials | Quantity | Unit |
|---|---|---|---|
| 1 | Plastic Chair | 20 | Number |
| 2 | PVC Pipe | 5 | Meter |
| 3 | Tyres | 5 | Number |
| 4 | Name Board Posts | 105 | Kg |
| 5 | Fans | 1 | Number |

എന്നാൽ അസിസ്റ്റന്റ് എൻജിനീയർ വാല്യുവേഷൻ നൽകിയത് താഴെ കാണുന്ന ഇനങ്ങൾക്കാണ്.

| Sl No | Materials | Quantity | Unit | Rate | Amount |
|---|---|---|---|---|---|
| 1 | Plastic Chair | 20 | Number | 35 | 350 |
| 2 | PVC Pipe | 5 | Meter | 28 | 84 |
| 3 | Tyres | 5 | Number | 18 | 54 |
| 4 | Name Board Posts | 105 | Kg | 20 | 1600 |
| 5 | Fans | 1 | Number | - | - |
| Total | | | | | 2088 |

2100 രൂപയ്ക്കാണ് ലേലം നടന്നിട്ടുള്ളത്. ലേല നോട്ടീസിൽ ഉള്ള എല്ലാ ഇനങ്ങളും അതെ അളവിൽ വാല്യുവേഷൻ ചെയ്തു നിരക്കിൽ തന്നെ ലേലം ചെയ്തിരുന്നെങ്കിൽ ഏറ്റവും കുറഞ്ഞത് 942 രൂപ കൂടുതൽ ലഭിക്കുമായിരുന്നു. (ലേല നോട്ടീസിൽ ഉള്ള ഫാനിന്റെ വാല്യുവേഷൻ എ ഇ ചെയ്തിട്ടില്ലാത്തതിനാൽ അത് കൂട്ടാതെയുള്ള തുക). ഇപ്രകാരം ലേല നോട്ടീസിൽ ഉണ്ടായിരുന്ന എല്ലാ ഇനങ്ങളും വാല്യുവേഷൻ നടത്താത്തതിന്റെയും നിശ്ചയിച്ച തീയതിയിൽ ലേലം നടക്കാതിരുന്നതിന്റെയും (ലേല നോട്ടീസ് പ്രകാരം 2.8.2019 തീയതിയും യഥാർത്ഥത്തിൽ നടന്നത് 19.2.2020 തീയതിയിലുമാണ്) കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.14/27.7.21) ലഭ്യമാക്കിയ മറുപടിയിൽ ലേലം ചെയ്യാനുള്ള സാധനങ്ങളുടെ ഏകദേശ അളവ്/തൂക്കം അനുസരിച്ചാണ് ലേലനോട്ടീസ് തയ്യാറാക്കിയതെന്നും തുടർന്ന് സാധനങ്ങളുടെ കൃത്യമായ അളവുകൾ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ലേലം നടത്തിയതെന്നും തീർത്തും ഉപയോഗശൂന്യമായ സാധനങ്ങൾ ആയതിൽ ഉൾപ്പെടുന്നതിനാൽ ആണ് വ്യത്യാസം വന്നിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. ലേല നോട്ടീസിൽ പറയുന്ന എല്ലാ ഇനങ്ങളും പറഞ്ഞിരിക്കുന്ന സമയത്തു തന്നെ ലേലം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

## 1-17 ടെണ്ടർ ഫോറം വില ലഭ്യമായിട്ടില്ല

2019-20 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായിട്ടില്ല. ഇ-ടെണ്ടറുകൾ ആരംഭിച്ച വർഷം മുതൽ ഇപ്രകാരം പഞ്ചായത്തിന് തുക ലഭിക്കുവാനുണ്ട്. ആയതിനാൽ ഇപ്രകാരം ലഭിക്കേണ്ട മുഴുവൻ തുകയും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-18 നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം പിരിച്ചെടുക്കുന്നത് - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ ഇപ്രകാരം അടവാക്കിയ തുക 74433/- രൂപയാണ്. ആയതിന്റെ 1% കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കിയിട്ടില്ല. പഞ്ചായത്തിന്റെ തനത് വരുമാനം എന്ന നിലയിൽ തുക ഈടാക്കാവുന്നതാണ്.

## 1-19 വിവിധ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കിയിട്ടില്ല

1) 23/09/2019 ലെ 5(1) തീരുമാനം - ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതും കൈമാറിക്കിട്ടിയതുമായ എല്ലാ ആസ്തികളും പുതിയ റോഡുകളും ഉൾപ്പെടുത്തി 31.10.2019 നകം ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളത്. എന്നാൽ നാളിതുവരെയുള്ള ആസ്തികളും പുതിയ റോഡുകളും ഉൾപ്പെടുത്തി കാലികമാക്കി, ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) 16/12/2019 ലെ 1(2) തീരുമാനം - മങ്ങാട് പുളിഞ്ചോട് കാനനിർമ്മാണത്തിന്റെ ഭാഗമായി ലഭിച്ച മണ്ണ് ലേലം ചെയ്യുന്നതിന് തീരുമാനമെടുത്തതായി കാണുന്നു. മണ്ണ് ലേലം ചെയ്തു എങ്കിൽ ഫയൽ ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഫയൽ ലഭ്യമാക്കിയിട്ടില്ല. മണ്ണ് ലേലം ചെയ്തിട്ടില്ല എന്നാണ് ലഭിച്ച വിവരം.
മേൽ വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 പട്ടികജാതിയിൽപെട്ട കുട്ടികൾക്ക് പഠന മുറി-വസ്തു നികുതി പുനർനിർണ്ണയിച്ചിട്ടില്ല

പദ്ധതി നം. S0136/20

അടങ്കൽ - 100000 വികസനഫണ്ട് എസ്.സി.പി

ചെലവ്- 1,00,000/- (വൗച്ചർ നം.21900551/28.09.19-100000)

S0125/19 എന്ന പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതി. ലക്ഷ്മി (D/o സരള സുനിൽകുമാർ ) ഞാലിൽ വളപ്പിൽ വീട് എന്ന കുട്ടിക്ക് പഠന മുറി നിർമ്മാണം പൂർത്തീകരിച്ചതിനോടനുബന്ധിച്ച് തുക നൽകി. 120 ച.അടി (11.15 ച.മീ) വിസ്തീർണത്തിലുള്ള പഠനമുറി നിർമ്മാണം പൂർത്തീകരിച്ചു. വസ്തു നികുതി പുനർനിർണ്ണയിച്ചിട്ടില്ല. ആയത് പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.12/26.07.21)

## 1-20 ഗ്രാമസഭ മിനിറ്റ്സ് - നടപടിചട്ടങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗ മിനുട്സുകൾ പരിശോധിച്ചതിൽ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരള പഞ്ചായത്ത് രാജ് (ഗ്രാമസഭയുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പല ഗ്രാമസഭ യോഗങ്ങളും നടത്തിയിരിക്കുന്നത് എന്ന് വ്യക്തമായി.

1) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കൽ എങ്കിലും യോഗം ചേരേണ്ടതാണ്. എന്നാൽ 2019-20 വർഷത്തിൽ ആകെ 2 ഗ്രാമസഭകൾ മാത്രമാണ് ചേർന്നിട്ടുള്ളത് (2019 ജൂലായ്, 2020 ഫെബ്രുവരി).

2) ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും, ജില്ലാപഞ്ചായത്ത് അംഗത്തെയും നിമസഭാംഗത്തെയും നിർബന്ധമായും ഗ്രാമസഭയുടെ കൺവീനർ ക്ഷണിക്കേണ്ടതാണ് എന്ന് നിയമത്തിൽ വ്യക്തമായി നിർദേശിക്കുന്നുണ്ട്. [സെക്ഷൻ 3(3)] എന്നാൽ മേൽ നിർദ്ദേശം പാലിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

3) ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും സെക്ഷൻ 3എ യിൽ പരാമർശിക്കുന്നുണ്ട്. പ്രദേശത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ നിർദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദേശിക്കുകയും ചെയ്യുക. ടാപ്പുകൾ, കിണറുകൾ, തെരുവ് വിളക്കുകൾ ഇടങ്ങിയവ എവിടെ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുക, സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ, സബ്സിഡി പോലുള്ള ക്ഷേമ സഹായങ്ങൾ കൈപ്പറ്റുന്നവരുടെ അർഹത പരിശോധിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നതാണ്. ഇക്കാര്യങ്ങളൊന്നും ഗ്രാമസഭകളിൽ ചർച്ചചെയ്യതായി കാണുന്നില്ല.

4) പല ഗ്രാമസഭാ മിനിറ്റ്സ് ബുക്കുകളും കോർഡിനേറ്റർ ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല.

നിയമം അനുശാസിക്കും വിധം ഗ്രാമ സഭ വിളിച്ചു ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 പത്ര പരസ്യം - ഡിസ്കൗണ്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 -എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നം./ബിൽനം /തീയതി | തുക | പത്രം |
|---|---|---|
| 23/19-20,7.9.19 | 5796 | ദേശാഭിമാനി |
| 27/19-20,30.9.19 | 5796 | ദേശാഭിമാനി |
| 5/19-20,28.10.19 | 11592 | ദേശാഭിമാനി |
| 43/19-20,26.12.19 | 5796 | ദേശാഭിമാനി |
| 41/19-20,26.12.19 | 8079 | ദേശാഭിമാനി |
| 45/19-20,26.12.19 | 2693 | ഇന്ത്യൻ എക്സ്പ്രസ് |
| ആകെ തുക | 39752 | |

പരസ്യ ചാർജ്ജിന്മേലുള്ള ഡിസ്കൗണ്ട് അനുവദിച്ച് കിട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.34/30.07.21)

## 1-22 വാർഡ്തല സമിതിക്ക് നൽകിയ തുകയുടെ ചെലവ് രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല

ഫണ്ട് -130000/- (ശുചിത്വ മിഷൻ), -65000/- (തനത് ഫണ്ട്)

ആകെ തുക – 1,95,000/-

വൗച്ചർനമ്പർ - 51900143/14.05.19

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികൾക്ക് മേൽ രേഖപ്പെടുത്തിയ വൗച്ചർ പ്രകാരം 1,95,000/- (130000+65000) രൂപ നൽകിയിട്ടുണ്ട്. തുക വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികളുടെ കൺവീനർമാരുടെ അക്കൗണ്ടിലേക്ക് നൽകി കാണുന്നു. മേൽ തുകയുടെ ചെലവ് രേഖകൾ പൂർണ്ണമായും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/19.7.21)

## 1-23 തെരുവ് വിളക്ക് പരിപാലനം-അപാകതകൾ

പ്രോജക്റ്റ് – തെരുവ് വിളക്ക് പരിപാലനം (2/20)

ബിൽ നം -15/19-20 Dt 30-12-19 തുക-1,24,750/-

കരാറുകാരൻ - ഷൈജു ചിറ്റിലപ്പിള്ളി.

തെരുവ് വിളക്ക് പരിപാലനം എന്ന പദ്ധതിക്ക് ലഭിച്ച രണ്ടു നിരക്കുകളിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ ഷൈജു ചിറ്റിലപ്പിള്ളി എന്നവർക്കാണ് ടെണ്ടർ അംഗീകരിച്ചു നൽകിയത്. പദ്ധതി പ്രകാരം വാർഡുമെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് തെരുവു വിളക്കുകളുടെ പരിപാലനത്തിനുള്ള തുക അനുവദിക്കുന്നത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി പ്രകാരം വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നതെന്നിരിക്കെ ടിയാരുടെ സാക്ഷ്യപത്രത്തിൽ ഏതെല്ലാം ഇനത്തിൽ പെട്ട തെരുവു വിളക്കുകളാണ് അറ്റകുറ്റപണി നടത്തിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ നൽകിയ തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. 7-11-17 തിയ്യതിയിലെ 177/ഡി എ 3/ ത സ്വ ഭ വ നം സർക്കുലർ പ്രകാരം കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ ഗ്രൂപ്പ് എടുക്കേണ്ടതും ലൈസൻസിനൊപ്പം ഇൻഷ്വറൻസ് സംബന്ധമായ രേഖകൾ സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അപ്രകാരം രേഖകൾ സമർപ്പിച്ചു കാണുന്നില്ല.

3. പഞ്ചായത്ത് പരിധിയിലുള്ള തെരുവുവിളക്കുകളുടെ ആകെ എണ്ണം, തരം (വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. ആയതിന്റെ കണക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ടെണ്ടർ സംബന്ധമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ തെരുവ് വിളക്കുകളുടെ ഇനം തിരിച്ചിട്ടുള്ള കണക്കിന്റെ അടിസ്ഥാനത്തിലാണോ ടെണ്ടർ വിളിച്ചിട്ടുള്ളതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. 15-9-11/3055/DA 3-2011- ത.സ്വ.ഭ.വ സർക്കുലർ പ്രകാരം അറ്റകുറ്റപണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം തെരുവുവിളക്കുകളുടെ അറ്റകുറ്റപണി നടത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെന്ന ഇക്കാര്യത്തിൽ നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5.കരാറുകാരൻ ഹാജരാക്കിയിരിക്കുന്ന ബില്ലിൽ (ബിൽ നം-143/16-3-20) തുക മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇനം തിരിച്ചിട്ടുള്ള കണക്ക് ലഭ്യമാക്കിയില്ല. സർക്കുലർ നം 3055/ഡിഎ/2011/ത.സ്വ.ഭ.വ പ്രകാരം വാങ്ങി ഫിറ്റ് ചെയ്ത സാധനങ്ങൾ ISI നിലവാരത്തിൽ ഉള്ളതാവണം എന്നും കെ.എസ്.ഇ.ബി യുടെ നിരക്കിനെക്കാൾ അധികരിക്കാത്തതാവണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. കരാറുകാരന്റെ ബില്ലിൽ മൊത്തം തുക മാത്രം രേഖപ്പെടുത്തിയതിനാൽ നിരക്ക് രേഖപ്പെടുത്താത്തതിനാൽ കെ.എസ്.ഇ.ബി യുടെ നിരക്കിനെക്കാൾ അധികരിച്ചിട്ടുണ്ടോയെന്നും പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ട തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് നടപ്പിലാക്കുവാൻ ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-24 തെരുവ് വിളക്ക് പരിപാലനം-രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

പ്രോജക്റ്റ് – തെരുവ് വിളക്ക് പരിപാലനത്തിന് വാർഷിക കരാറിലേർപ്പെടൽ- (129/20(so))

ബിൽ നം -14/19-20 Dt 23-7-19 തുക-73,920/-

കരാറുകാരൻ-ഷൈജു ചിറ്റിലപ്പിള്ളി

സാധനങ്ങൾ പഞ്ചായത്ത് സപ്ലൈ ചെയ്ത് ഫിറ്റ് ചെയ്യുക എന്ന പ്രവർത്തിയാണ് കരാറുകാരൻ ചെയ്തിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ 13 വാർഡുകളിലായി എൽ ഇഡി ബൾബുകൾ മാറ്റിയിട്ടതിന്റെ 2-7-19 തിയ്യതിയിലെ 7/13 നം 91300 രൂപയുള്ള ബിൽ ഹാജരാക്കിയതിൽ മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 830 എണ്ണം റിപ്പയർ ചെയ്തതിന്റെ 73,920/- രൂപ നൽകിയിട്ടുണ്ട്.

മേൽ പ്രോജക്റ്റുമായി ബന്ധപ്പെട്ട്, 17.8.15 ലെ ജി 2-44274 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചതു പ്രകാരമുള്ള തെരുവുവിളക്കുകളുടെ മെയിന്റെനൻസ് സംബന്ധിച്ച താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടില്ല.

തെരുവുവിളക്കുകളുടെ മെയിന്റെനൻസ് സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. മേൽ ഉത്തരവിൽ നിർദ്ദേശിച്ച വിധം ഉപകരണങ്ങൾ വാങ്ങുമ്പോൾ തന്നെ വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയോ കേടായ സാധനങ്ങൾ മാറ്റുന്ന ദിവസം മാറ്റുന്ന സാധനങ്ങൾ തിരികെ പഞ്ചായത്തിൽ സ്വീകരിച്ച് അൺ സർവ്വീസബിൾ ഐറ്റം രേഖപ്പെടുത്തുന്നതിനായി നിർദ്ദേശിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ഈ രജിസ്റ്ററുകൾ തമ്മിൽ മാസാന്ത്യത്തിൽ റീ കൺസിലിയേഷൻ നടത്തുന്നതിനോ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 1-25 അസി. സെക്രട്ടറിയുടെ വിവിധ പദ്ധതികൾ - അർഹത തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

I) പദ്ധതി നം - S0136/20, പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര

അടങ്കൽ - 110000 വികസനഫണ്ട് എസ്.സി.പി

ചെലവ് – 1,09,648/- (വൗച്ചർ നം. 21900946/13.12.19, തുക – 39, 160/-

വൗച്ചർ നം. 21901009/3.01.20, തുക - 70,488 /-)

ഫർണിച്ചർ 28 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. പദ്ധതി ഗുണഭോക്താവായ ഷിബിൻ എ.എസ് (S/o സുനിൽകുമാർ.എ.സി) -ന്റെ റേഷൻകാർഡ് കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിലേതാണ്. കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ടിയാന് മുൻപ് ആനുകൂല്യം നൽകിയിട്ടുണ്ടോ എന്നതു സംബന്ധിച്ച സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

II) പദ്ധതി നം. S0031 /20 – പിവിസി വാട്ടർ ടാങ്ക് എസ് സി കുടുംബം

അടങ്കൽ - 375000

(വികസനഫണ്ട് എസ്.സി.പി – 300000, ഗുണഭോക്തൃ വിഹിതം – 75000)

ചെലവ് – 3,06,292/- (വൗച്ചർ നം. 21900959/14.11.20, തുക – 1,09,100 /-

വൗച്ചർ നം. 21900948/30.12.19, തുക - 76,370 /-

വൗച്ചർ നം. 21901144/24.02.20, തുക - 45,822/-

ഗുണഭോക്തൃ വിഹിതം – 75000 )

പദ്ധതി പ്രകാരം 100 ഗുണഭോക്താക്കൾക്ക് ടാങ്ക് വിതരണം ചെയ്തു. പദ്ധതി ഗുണഭോക്താവായ തങ്കമണി, കരുവം തടത്തിൽ വീട് എന്നവരുടെ റേഷൻകാർഡ് കടവല്ലൂർ ഗ്രാമ പഞ്ചായത്തിലേതും, തങ്കമണി പാലക്കോടൻ ഹൗസ് എന്നവരുടെത് കുന്നംകുളം നഗരസഭയിലേതുമാണ്. ഇവർക്ക് യഥാക്രമം കടവല്ലൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും, കുന്നംകുളം നഗരസഭയിൽ നിന്നും മുൻപ് ആനുകൂല്യം നൽകിയിട്ടുണ്ടോ എന്നതു സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

III) പദ്ധതി നം. S0030 /20 – വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ - 326250 (വികസനഫണ്ട് എസ്.സി.പി)

ചെലവ്- 3,23,154/- (വൗച്ചർ നം. 21900941/14.11.19, തുക – 2,07,150/-)

(വൗച്ചർ നം. 21900919/17.2.19, തുക – 1,16,004 /-)

പദ്ധതി പ്രകാരം 78 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തു. പദ്ധതി ഗുണഭോക്താവായ തങ്കമണി എം.എസ്, കോതറക്കൽ ഹൗസ്, അക്കിക്കാവ് എന്നവരുടെ റേഷൻകാർഡ് കടവല്ലൂർ ഗ്രാമ പഞ്ചായത്തിലേതാണ്. ഇവർക്ക് കടവല്ലൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും മുൻപ് ആനുകൂല്യം നൽകിയിട്ടുണ്ടോ എന്നതു സംബന്ധിച്ച സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.12/26.07.21)

## 1-26 പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ-രേഖകൾ ലഭ്യമാക്കിയില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു

അടങ്കൽ - 250000 (വികസനഫണ്ട് എസ്.സി.പി), ഗുണഭോക്തൃവിഹിതം – 12500 ആകെ – 262500

ചെലവ് – 1,83,200/- (വൗച്ചർ നം. 2190181/24.01.20, തുക – 174040/-

ഗുണഭോക്തൃവിഹിതം – 9160/-)

പദ്ധതിക്കായി ടെൻഡർ (നോട്ടീസ് നം. ബി2 /6511/17 തീ. 23.07.19) ക്ഷണിക്കുകയും, വീക്കോ ട്രേഡിങ്ങ് അരിമ്പൂർ എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് വാദ്യോപകരണങ്ങൾ വാങ്ങി വിതരണം നടത്തുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായി വീക്കോ ട്രേഡിങ്ങ് അരിമ്പൂർ 6 സെറ്റ് കടവല്ലൂർ ഇലത്താളം സെറ്റ് ഒന്നിന് 4400 രൂപ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ കടവല്ലൂർ ഇലത്താളത്തിന് ഫിറ്റ് വെൽ, തൃശ്ശൂർ എന്ന സ്ഥാപനം 2600 രൂപ മാത്രമാണ് ക്വോട്ട് ചെയ്തിരുന്നത്. കുറഞ്ഞ നിരക്കിലുള്ള ടെൻഡർ അംഗീകരിക്കാത്തതിനാൽ ഇലത്താളം വാങ്ങിയ വകയിൽ 10800 രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/26.07.21) സാമ്പിൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാന പ്രകാരമാണ് വീക്കോ ട്രേഡിങ്ങ് അരിമ്പൂർ എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയതെന്ന് മറുപടി നൽകി. എന്നാൽ സാമ്പിൾ പരിശോധിച്ചതിനോടനുബന്ധിച്ച വിശദാംശങ്ങളൊന്നും തന്നെ ഫയലിൽ ഇല്ല. ആയതും അനുബന്ധ പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനവും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ടെൻഡർ നോട്ടീസ് പ്രകാരം 9 1/2 ഇഞ്ച് വട്ടം ഇടംതല, വലംതല ചെണ്ടകളുടെ നിരക്ക് രേഖപ്പെടുത്താനാണ് ആവശ്യപ്പെട്ടത്. എന്നാൽ വീക്കോ ട്രേഡിങ്ങ് അരിമ്പൂർ എന്ന സ്ഥാപനം 9 1/4 ഇഞ്ച് വട്ടം ഉള്ള വെള്ളറക്കാട് ചെണ്ടയുടെ നിരക്കാണ് ക്വോട്ട് ചെയ്തതും, അംഗീകരിച്ച് വിതരണം ചെയ്തതും (ഇൻവോയ്സ് നം.4/10.01.20-183200 രൂപ). സ്പെസിഫിക്കേഷനിൽ നിന്നും വ്യത്യസ്തമായി ക്വോട്ട് ചെയ്ത ടെൻഡർ അംഗീകരിച്ചത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ സാമ്പിളുകൾ എല്ലാം 9 1/4 ഇഞ്ച് വട്ടം ഉള്ളതായിരുന്നുവെന്നുവെന്ന് മറുപടി നൽകി. എന്നാൽ ആയതിനോടനുബന്ധിച്ച് സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ അനുബന്ധ തീരുമാനങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പദ്ധതിയുടെ ഭാഗമായി 9160 രൂപ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കിയതിന്റേയും ആയത് വീക്കോ ട്രേഡിങ്ങ് അരിമ്പൂരിനു കൈമാറിയതിന്റേയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ഭാഗമായി 183200 രൂപയുടെ 5%, അതായത് 9160 രൂപ പെർഫോർമൻസ് സെക്യൂരിറ്റി ആയി അടവാക്കേണ്ടിയിരുന്നു. എന്നാൽ ഇ.എം.ഡി ആയി ലഭിച്ച 5000 രൂപ (രശീത് നം. 503495, ആന്ധ്ര ബാങ്ക്) സെക്യൂരിറ്റി ആയി നിലനിർത്തുകയാണ് ചെയ്തത്. ബാക്കി 4160 രൂപ ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ 1,83,200/- രൂപയുടെ പദ്ധതിചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 ആയുർവ്വേദ മെഡിക്കൽ ഓഫീസർ നടത്തിയ പദ്ധതികളിലെ അപാകതകൾ

1) പദ്ധതി നം. 123/20 – ആയുർവ്വേദ ഡിസ്പെൻസറി ഹാളിലേക്ക് കസേര വാങ്ങൽ

അടങ്കൽ - ₹ 38800/-

ചെലവ് - ₹ 38250/- (ബിൽ നം. 3/2019-20 /31.12.2019)

ആയുർവ്വേദ ഡിസ്പെൻസറി ഹാളിലേക്ക് 85 കസേരകളാണ് ഈ പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ളത്. ടെണ്ടർ രേഖകളൊന്നും ഫയലിൽ നിന്നും ലഭ്യമായില്ല. പ്രൊക്യുവർമെന്റ് കമ്മിറ്റി മിനിറ്റ്സിലെ 2019-20 തീരുമാനം നം. 4 (പേജ് നം.131) പ്രകാരം ഈ പദ്ധതിയിലേക്കായി 3 ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു:- FIDCO എന്റർപ്രൈസസ് കോഴിക്കോട്, BSGST Agencies കുറ്റിപ്പുറം, Keerthi Marketing എറണാകുളം എന്നിവയാണത്. ലഭിച്ച ടെണ്ടറുകൾ പരിശോധിച്ചതിൽ ഗുണമേന്മയുള്ളതും, താരതമ്യേന വില കുറവുമായ ഫിഡ്കോയിൽ നിന്ന് സാമ്പിളുകൾ പരിശോധിച്ച് വാങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു എന്നാണ് പ്രസ്തുത മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ BSGST Agencies എന്ന സ്ഥാപനത്തിൽ നിന്നാണ് കസേരകൾ വാങ്ങിയിട്ടുള്ളത്. ടെണ്ടർ അംഗീകരിച്ച തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിതരണക്കാരൻ സമർപ്പിച്ച കരാറിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. തുക നല്കിയതിന്റെ UTR സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

ഇൻവോയ്സ് നം.28/26.12.2019 പ്രകാരം ₹450/- രൂപയ്ക്ക് 85 കസേരകൾ, അതായത് ആകെ ₹38250/-രൂപയ്ക്കാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ടെണ്ടർ നിരക്കിൽ ഈ സ്ഥാപനം അപ്രകാരം ഒരു തുക ക്വോട്ട് ചെയ്തിട്ടുമില്ല. എന്തിന്റെ അടിസ്ഥാനത്തിലാണ് ഈ സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയിട്ടുള്ളത് എന്ന് വ്യക്തമല്ല. ഗുണമേന്മ ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടുണ്ടോ എന്ന കാര്യത്തിലും വ്യക്തതയില്ല. ഈ സ്ഥാപനത്തിൽ നിന്നും കസേരകൾ വാങ്ങാനിടയായ സാഹചര്യം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) പദ്ധതി നം. 89/20 – ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - ₹ 4,00,000/-

ചെലവ് - ₹ 4,00,000/- (ബിൽ നം. 2/2019-20 /28.11.2019)

ഈ പദ്ധതിപ്രകാരം 'ഔഷധി', കട്ടനെല്ലൂർ, തൃശ്ശൂർ, എന്ന സ്ഥാപനത്തിൽ നിന്നും ₹ 4,00,000/- രൂപയ്ക്ക് മരുന്നുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം. 90157828/ 24.03.2020 പ്രകാരം ലഭിച്ച 52,956/- രൂപയുടെ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

## 1-28 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ

പദ്ധതി നം. 58/20-വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ)

അടങ്കൽ- ₹169650/-

ചെലവ്- ₹165720/- (ബിൽ നം. 12/12.01.2020)

വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന പദ്ധതിക്ക് വേണ്ടി 6 സ്ഥാപനങ്ങൾ വില ക്വോട്ട് ചെയ്തതിൽ BSGST ഏജൻസീസ്, കുറ്റിപ്പുറം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും പ്രസ്തുത സ്ഥാപനത്തിൽനിന്നും 40 കട്ടിലുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ക്വട്ടേഷൻ അംഗീകരിച്ച തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിതരണക്കാരൻ സമർപ്പിച്ച കരാറിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല.

ക്വട്ടേഷൻ നോട്ടീസ് പ്രകാരം 1.98 മീറ്റർ നീളവും 90 സെമി വീതിയും ഉള്ള, 8 മി.മീ കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച മരത്തടിയിൽ /സ്റ്റീലിൽ പണിത കട്ടിലിന്റെ നിരക്ക് ക്വോട്ട് ചെയ്യാനാണ് ആവശ്യപ്പെട്ടത്. ക്വട്ടേഷനിൽ പങ്കെടുത്ത സ്ഥാപനങ്ങളെല്ലാം (BSGST ഒഴിച്ച്) അപ്രകാരമുള്ള കട്ടിലിന്റെ വിലയാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. എന്നാൽ BSGST, കുറ്റിപ്പുറം മുഴുവൻ മരത്തടിയിൽ പണിത കട്ടിലിന്റെ നിരക്ക് ക്വോട്ട് ചെയ്തത് (₹4143/-) ആണ് അംഗീകരിച്ചത്. ക്വട്ടേഷൻ നോട്ടീസിൽ ആവശ്യപ്പെടാത്തതു കാരണം ARTCO, FIDCO മുതലായ സ്ഥാപനങ്ങളൊന്നും തന്നെ മുഴുവൻ മരത്തടിയിൽ പണിത കട്ടിലിന്റെ നിരക്ക് ക്വോട്ട് ചെയ്തിട്ടില്ല. ആയതിനാൽ നിരക്കുകൾ തമ്മിൽ ഫലപ്രദമായ ഒരു താരതമ്യ പഠനം നടന്നിട്ടില്ല . പ്രൊക്യൂവർമെന്റ് കമ്മിറ്റി മിനിറ്റ്സിലെ 2019-20 തീരുമാനം നം. 6 (പേജ് നം.133-135) പ്രകാരം, സാമ്പിളുകൾ പരിശോധിച്ച് സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ വാങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ച 3 സ്ഥാപനങ്ങളിൽ BSGST ഏജൻസീസ് ഉൾപ്പെട്ടിട്ടുമില്ല.

ഇൻവോയ്സ് നം.22/11.12.2019 പ്രകാരം 6x3 സൈസ് (180x90 Cm) ഉള്ള കട്ടിലുകളാണ് വിതരണം ചെയ്തിരിക്കുന്നത് (അതായത് 1.80 മീറ്റർ നീളം 90 സെമി വീതി). എന്നാൽ 1.98m X90 Cm വലിപ്പമുള്ള കട്ടിലുകളാണ് സ്പെസിഫിക്കേഷനനുസൃതമായും, സബ്സിഡി മാർഗ്ഗരേഖക്കനുസൃതമായും വിതരണം ചെയ്യേണ്ടിയിരുന്നത്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/ 2019-20/ 29.07.2021) മറുപടി ലഭ്യമാക്കിയില്ല.

വാങ്ങലുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള കാര്യങ്ങൾ നിർബന്ധമായും പാലിക്കപ്പെടേണ്ടതാണ്. ഈ പ്രോജക്ടിന്റെ ഗുണഭോക്താവായ സരോജിനിയമ്മ, കാരാമിൽ (വാർഡ് VIII) എന്നവരുടെ റേഷൻ കാർഡിന്റെ കോപ്പി, വയസ്സ തെളിയിക്കുന്ന രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. അപാകതകളുടെ വെളിച്ചത്തിൽ 165720/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകങ്ങൾ

വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രൊജക്ടുകളിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ക്യാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. പ്രൊജക്ട് –കോഴി ഗ്രാമം- വീട്ടു മുറ്റത്തു കോഴി വളർത്തൽ – പട്ടികജാതി വിഭാഗം (191/2019)

അടങ്കൽ : 266250

ചെലവ് : 159500/-

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട ഒരു രേഖയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. പ്രൊജക്ട് – വീട്ടു മുറ്റത്തു കോഴി വളർത്തൽ (90/2019)

അടങ്കൽ : 326700

ചെലവ് : 326700/-

A. പ്രൊജക്റ്റ് പ്രൊഫോർമ ലഭ്യമല്ല.

B. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തു അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

C. കോഴികളെ ആരിൽ നിന്ന് എങ്ങനെ എത്ര തുകക്ക് വാങ്ങി എന്നും അവർക്ക് ആയതിന്റെ രൂപ കൊടുത്തോ എന്നതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

D. 28.02.2019 ൽ നടന്ന ഭരണസമിതി യോഗത്തിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ച അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ 237 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട ആളുകൾക്ക് തന്നെയാണോ കോഴികളെ വിതരണം ചെയ്തിട്ടിട്ടുള്ളത് എന്നത് വ്യക്തമല്ല. ലിസ്റ്റിൽ ഉൾപ്പെടാത്ത ആളുകൾക്ക് കോഴികളെ വിതരണം ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന് അന്തിമ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം വാർഡ് നമ്പർ 13 ൽ 12 ഗുണഭോക്താക്കൾ ആണ് ഉള്ളത്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം പ്രസ്തുത വാർഡിലെ 18 പേർക്ക് കോഴികളെ വിതരണം ചെയ്തിട്ടുണ്ട്. ഈ 18 ൽ കേവലം 4 പേര് മാത്രമാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്.

4. പ്രൊജക്ട് – കന്നുകുട്ടി പരിപാലനം (103/2019)

അടങ്കൽ : 625000

ചെലവ് : 156250/-

A. പ്രൊജക്റ്റ് പ്രൊഫോർമ ലഭ്യമല്ല.

B. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

C. പ്രോജക്ടിന്റെ തുടർവിവരങ്ങൾ ലഭ്യമല്ല.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.12/27.7.21) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ഈ പ്രൊജക്ടുകൾക്ക് ചെലവാക്കിയ തുകയായ 6,42,450 രൂപയുടെ (159500 + 326700 + 156250) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 വിവാഹ ധനസഹായം എസ്.സി - അർഹത തെളിയിക്കുന്ന രേഖകളിൽ വ്യത്യാസം

പദ്ധതി നം. S0028/20 - വിവാഹ ധനസഹായം എസ്.സി

അടങ്കൽ – 975000 (വികസന ഫണ്ട് എസ്. സി. പി.)

ചെലവ് - 8,25,000/- (വൗച്ചർ നം. 21900398/27.6.19, തുക – 225000

വൗച്ചർ നം. 21900548/26.09.19, തുക - 2,25,000/-

വൗച്ചർ നം. 2190075714.11.19, തുക – 75,000/-

വൗച്ചർ നം. 21900942/13.2.19, തുക – 3,00,000/-)

വൗച്ചർ നം. 21900548/26.09.19 പ്രകാരം മിഥുന എം.എം എന്ന യുവതിയുടെ വിവാഹ ധനസഹായം ഇനത്തിൽ 75000 രൂപ അച്ഛൻ മണി എം.ടിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ മിഥുന എം.എം ന്റെ എസ് എസ് എൽ സി ബുക്കിന്റെ പകർപ്പ് പ്രകാരം മതം, ജാതി എന്നിവ ഹിന്ദു, തീയ്യ, ഒ ബി സി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ് (കൈ) നം. 22/2018/തസ്വഭവ, തീയതി. 14.02.18, പദ്ധതി എന്നിവ പ്രകാരം എസ്.സി വിഭാഗത്തിൽപെട്ട കുട്ടികളുടെ വിവാഹത്തിനു മാത്രമാണ് ധന സഹായം അനുവദിക്കാവുന്നത്. ആയതിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/6.07.21) ശ്രീമതി മിഥുനക്ക് 22.06.12 ന് തലപ്പിള്ളി താലൂക്കിൽ നിന്നും നല്കിയ ജാതി സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ശ്രീമതി മിഥുന എസ്.സി വിഭാഗത്തിലുൾപ്പെടുന്നു. തുടർന്ന് 16.4.14 തീയതിയിൽ നൽകിയ എസ് എസ് എൽ സി മാർക്ക് ഷീറ്റ് പ്രകാരം ജാതി ആയതിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. ആയത് പദ്ധതിനിർവ്വഹണ വേളയിൽ ശ്രദ്ധിക്കപ്പെട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. ഇവരുടെ അർഹത പുന:പരിശോധിക്കേണ്ടതാണ്. വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-31 വയോജനങ്ങൾക്ക് കട്ടിൽ - ടെൻഡർ നടപടികൾ സുതാര്യമല്ല

പദ്ധതി നം. S0030 /20-വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ- 326250/- (വികസനഫണ്ട് എസ്.സി.പി)

ചെലവ് - 3,23,154/- (വൗച്ചർ നം. 21900941/14.11.19 തുക – 207150

21900919/17.2.19, തുക – 116004)
നിർവ്വഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് സെക്രട്ടറി

ടെൻഡർ പ്രകാരം BSGST കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും 78 കട്ടിലുകളാണ് വാങ്ങിയത്. ടെൻഡർ അംഗീകരിച്ച തീരുമാനം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിതരണക്കാരൻ സമർപ്പിച്ച കരാറിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. ടെൻഡർ നോട്ടീസ് പ്രകാരം 1.98 മീറ്റർ നീളവും 90 സെമി വീതിയും ഉള്ള, 8 മി.മീ കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച മരത്തടിയിൽ /സ്റ്റീലിൽ പണിത കട്ടിലിന്റെ നിരക്ക് ക്വോട്ട് ചെയ്യാനാണ് ആവശ്യപ്പെട്ടത്. എന്നാൽ BSGST കുറ്റിപ്പുറം മുഴുവൻ മരത്തടിയിൽ പണിത കട്ടിലിന്റെ നിരക്കാണ് ക്വോട്ട് ചെയ്തതും ആയതാണ് (4143 രൂപ) അംഗീകരിച്ചത്. ടെൻഡറിൽ ആവശ്യപ്പെടാത്തതു കാരണം ARTCO, FIDCO മുതലായ സ്ഥാപനങ്ങളൊന്നും തന്നെ മുഴുവൻ മരത്തടിയിൽ പണിത കട്ടിലിന്റെ നിരക്ക് ക്വോട്ട് ചെയ്തിട്ടില്ല. ആയതിനാൽ നിരക്കുകൾ തമ്മിൽ ഫലപ്രദമായ ഒരു താരതമ്യംചെയ്യൽ നടന്നിട്ടില്ല എന്നുറപ്പാണ്. ആയതിനോടനുബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.12/26.07.21) മുഴുവൻ മരത്തിൽ പണിത കട്ടിലുകളാണ് പഞ്ചായത്ത് കമ്മിറ്റിയും, പ്രൊക്യൂർമെന്റ് കമ്മിറ്റിയും അംഗീകരിച്ചത് എന്ന മറുപടി നൽകി. സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തിയപ്പോൾ ടെൻഡറിൽ പങ്കെടുത്ത മറ്റ് സ്ഥാപനങ്ങളെ അറിയിച്ചതായി രേഖകളില്ല. ആയതിനാൽ തന്നെ ഗുണനിലവാരത്തോടൊപ്പം കുറഞ്ഞ നിരക്കിലുള്ള കട്ടിലുകളാണ് വാങ്ങിയതെന്നുറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

ഇൻവോയ്സ് നം. 3/11.11.19, 23/12.12.19 എന്നിവ പ്രകാരം 6x3 അതായത് 180x90 Cm വലുപ്പമുള്ള കട്ടിലുകളാണ് വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ 1.98 മീറ്റർ 90 സെ.മീ വലിപ്പമുള്ള കട്ടിലുകളാണ് സ്പെസിഫിക്കേഷനനുസൃതമായും, സബ്സിഡി മാർഗ്ഗരേഖക്കനുസൃതമായും ചെയ്യേണ്ടിയിരുന്നത്.
പദ്ധതിയുടെ ഭാഗമായി 323154 രൂപയുടെ 5%, അതായത് 16158 രൂപ പെർഫോർമൻസ് സെക്യൂരിറ്റി ആയി അടവാക്കേണ്ടിയിരുന്നു. എന്നാൽ ഇ.എം.ഡി ആയി ലഭിച്ച 7500 രൂപ (രശീത് നം.105977, കാത്തോലിക്ക് സിറിയൻ ബാങ്ക്) സെക്യൂരിറ്റി ആയി നിലനിർത്തുകയാണ് ചെയ്തത്. ബാക്കി തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ടെണ്ടർ നടപടികൾ സുതാര്യമല്ലാത്തതിനാൽ ചെലവുതുകയായ 323154/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-32 അങ്കണവാടിക്കായി സ്ഥലം വാങ്ങൽ -ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് – വാർഡ് ഒന്നിലെ അങ്കണവാടിക്കായി സ്ഥലം വാങ്ങൽ (125/20)

ബിൽ നം -1/19-20, തിയതി 30-4-19, തുക – 1,50,000/-

പ്രോജക്ട് പ്രകാരം വാർഡ് ഒന്നിലെ അങ്കണവാടിക്കായി സ്ഥലം വാങ്ങിയിട്ടുണ്ട്. ആയത് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-33 കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം-സംയുക്തപരിശോധന നടത്തിയതിന്റെ വിവരം ലഭ്യമല്ല

പ്രോജക്ട് നം 1/20

അടങ്കൽ – 11,23,500/-

ചെലവ് – 10,92,000/-

മേൽ പദ്ധതി പ്രകാരം 2019-20 വർഷം 10,92,000 രൂപ ചെലവുണ്ട്. തൻവർഷം കുടിവെള്ള പദ്ധതികൾക്കായി മാത്രം 7,86,100 രൂപ വിവിധ പദ്ധതികളിലായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അതു കൂടാതെ ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണത്തിനായി 4,78,410 രൂപയും ആകെ 23,56,510 രൂപയും ചെലവഴിച്ചിട്ടുണ്ട്. നിലവിൽ 208 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കികൊണ്ടിരിയ്ക്കുന്നത്. മുഴവൻ ടാപ്പുകളും പ്രവർത്തനക്ഷമമാണോ എന്നത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം ആവശ്യപ്പെട്ട് വാട്ടർ അതോറിറ്റിയ്ക്ക് കത്തുനൽകിയതായി ഫയലിൽ രേഖയില്ല. ഉണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ബിൽ നം 69/20 തിയതി 24.3.20 പ്രകാരം 91,000 രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. ആയതിന്റെ ഡിമാന്റ് നോട്ടീസ് ലഭ്യമാക്കേണ്ടതാണ്. കുടിവെള്ള വിതരണത്തിനായി ഭീമമായ സംഖ്യ ചെലവഴിയ്ക്കുന്ന പഞ്ചായത്തിൽ ടാപ്പുകളുടെ സംയുക്ത പരിശോധന താമസംവിനാ നടപ്പിലാക്കേണ്ടതും ഉപയോഗശൂന്യമായവക്ക് തുക നൽകി പദ്ധതി പണം പാഴാക്കുന്നില്ലെന്നത് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-34 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ – മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം-20/20

ബിൽ നം-12/28-11-19 തുക-1,00,000/-

പ്രോജക്ട് – എൻ.ആർ.എച്ച്.എം ന കീഴിൽ വരുന്ന ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ

പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ -ഓപ്പറേറ്റീവ് സൊസൈറ്റിക്ക് തുക നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ /സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-35 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ – രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

1. സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളോടനുബന്ധിച്ചുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം /പേര് | സ്ഥാപനം | ട്രഷറി ബിൽ നം/തുക | രേഖ |
|---|---|---|---|---|
| 1 | 74/20<br>കാൻ വിഹിതം നൽകൽ | ജില്ലാ പഞ്ചായത്ത് | ബിൽ നം-2/19-20<br>തി -19-10-19<br>തുക-80000 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 2 | 4/20 ഐ.കെ.എം വിഹിതം | ഐ.കെ.എം | ബിൽ നം -25/19-20<br>തി-31-12-19<br>തുക -31557 | വിനിയോഗ സാക്ഷ്യപത്രം |
| 3 | 100/20 കോമൺ ഫെസിലിറ്റി സെൻററിന് വിഹിതം അനുവദിക്കൽ | ബ്ലോക്ക്പഞ്ചായത്ത് | ബിൽ നം 51/19-20<br>തിയ്യതി ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.<br>തുക- 300000 | രശീതി, വിനിയോഗ സാക്ഷ്യപത്രം. |
| 4 | 7/20<br>SSA വിഹിതം നൽകൽ | District Project Office SSK, Thrissur | ബിൽ നം-18/19-20<br>തി-29-7-19<br>തുക-100000 | വിനിയോഗ സാക്ഷ്യപത്രം |
| 5 | 6/20<br>തെരുവ് വിളക്ക് | 1)KSEB-പഴഞ്ഞി/കാണിപ്പയ്യൂർ/ബിഗ് ബസാർ | ബിൽ നം-22/19-20<br>തി-31-12-19<br>തുക-224475 | വിനിയോഗ സാക്ഷ്യപത്രം/പ്രവ്യത്തി പൂർത്തീകരണ |

| | | | | |
|---|---|---|---|---|
| | പ്രകാശിപ്പിയ്ക്കുന്നതിന് ലൈൻ നീട്ടൽ | | | സാക്ഷ്യപത്രം/ എസ്റ്റിമേറ്റ് |
| 6 | 6/20<br>തെരുവ് വിളക്ക് പ്രകാശിപ്പിയ്ക്കുന്നതിന് ലൈൻ നീട്ടൽ | 2)KSEB-പഴഞ്ഞി/കാണിപ്പയ്യൂർ/ബിഗ് ബസാർ/പെരുമ്പിലാവ് | ചെക്ക്നം- 354797 തി- 22-1-20 തുക-100000 | വിനിയോഗ സാക്ഷ്യപത്രം/ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം/ എസ്റ്റിമേറ്റ് |
| 7 | 97/20<br>ആന ചത്തങ്ങാടി കുടിവെള്ള പദ്ധതി-1-ാംഘട്ടം | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് | ബിൽ നം -28/19-20 തിയ്യതി ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തുക-50000.<br>ചെക്ക്നം-1856044/27-2-20 തുക-33850 | വിനിയോഗ സാക്ഷ്യപത്രം/ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം/ എസ്റ്റിമേറ്റ് |
| 8 | 141/<br>മുലയൂട്ടൽ കേന്ദ്രം വൈദ്യുതീകരണം | Pwd-electrical Division | ബിൽ നം -29/19-20 തിയ്യതി ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തുക-30721 | വിനിയോഗ സാക്ഷ്യപത്രം/പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം/ എസ്റ്റിമേറ്റ് |
| 9 | 144/20<br>അജൈവ മാലിന്യ കേന്ദ്രം വൈദ്യുതീകരണം | Pwd-electrical Division | ബിൽ നം -34/19-20 തിയ്യതി ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തുക-50000 ബിൽ നം -33/19-20 തിയ്യതി ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തുക-6890 | വിനിയോഗ സാക്ഷ്യപത്രം/ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം/എസ്റ്റിമേറ്റ് |
| | ആകെ | | 10,07,493 | |

മേൽ പ്രകാരമുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ചെലവു തുക 1007493/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-36 സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സ്ഥാപനത്തിന് മുൻകൂർ അനുവദിച്ചു

പ്രോജക്റ്റ് – അങ്കണവാടികളിലേക്കും വായനശാലകളിലേക്കും പത്രങ്ങളും ആനുകാലികങ്ങളും വാങ്ങൽ (15/20)

വൗച്ചർനം -21900512/4-10-19 തുക- 68,780/-

പദ്ധതി പ്രകാരം 16 അങ്കണ വാടികളിലേക്കും ഗ്രന്ഥശാല സഹകരണ സംഘത്തിന്റെ അംഗീകാരമുള്ള 10 വായനശാലകളിലേക്കും പത്രങ്ങളും ആനുകാലികങ്ങളും വാങ്ങി നൽകുന്നതിനായി തനതുഫണ്ടിൽ നിന്നും ദേശാഭിമാനി പബ്ളിഷേഴ്സിന് അഡ്വാൻസായി തുക നൽകിയിട്ടുണ്ട്. മേൽ പ്രകാരം തുക മുൻകൂറായി അനുവദിയ്ക്കാവുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് സർക്കാർ ഉത്തരവ് നം 177/2006 Fin Dt 12/4/06 പ്രകാരം സ്പഷ്ടമാക്കിയിട്ടുള്ളതാണ്. (കാറ്റഗറി എഫ് ഫണ്ടായ തനതു ഫണ്ടുൾപ്പെടെ) ആയതിലുൾപ്പെടാത്ത സ്ഥാപനത്തിന് മേൽ പ്രകാരം തുക അനുവദിച്ചതിന് അടിസ്ഥാനമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല. 3 ഗ്രന്ഥശാലകളുടെ അംഗീകാരത്തിന്റെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പാലിച്ച് നടപ്പിലാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-37 കേരളോത്സവം നടത്തിപ്പ്-രേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

പ്രോജക്റ്റ് – കേരളോത്സവം (8/20)

ബിൽ നം-3/19-10-19 തുക-30,000/-

പ്രോജക്റ്റ് പ്രകാരം കേരളോൽസവം ചെലവായ 30,000 രൂപ സെക്രട്ടറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ചെലവു വിശദാംശങ്ങൾ സംബന്ധിച്ച രേഖകൾ ഫയലില്ല. ആയത് ലഭ്യമാക്കും വരെ ചെലവു തുക 30,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-38 ഐ.എസ്.ഒ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമല്ല

പ്രോജക്റ്റ് – ഐ.എസ്.ഒ സർട്ടിഫിക്കേഷൻ (130/20(so))

ബിൽ നം -19/20 തി-29-7-19 തുക-5,000/-

ഐ.എസ്.ഒ സർട്ടിഫിക്കേഷനും അനുബന്ധ പ്രവർത്തനങ്ങളും തുടർച്ച എന്ന പദ്ധതി പ്രകാരം Integrated Quality Certification Pvt Ltd എന്ന സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ സംബന്ധമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-39 ക്ലബുകൾക്കുള്ള സ്പോർട്സ് കിറ്റുവിതരണം-രജിസ്റ്റ്രേഷൻ രേഖകൾ ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് – രജിസ്ട്രേഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് (23/20)

ബിൽ നം 24/20-21 തിയതി 31-12-19 തുക - 20,000/-

പ്രോജക്റ്റ് പ്രകാരം 5 ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകളുടെ വിതരണം നടത്തിയിട്ടുണ്ട്

1. NMAC-അകതിയൂർ

2. സംഘമിത്ര-മങ്ങാട്

3.നിറം ബോയ്സ്

4. നക്ഷത്ര ക്ലബ്

5. ക്ലബിന്റെ പേരു വിവരം ലഭ്യമല്ല. അപേക്ഷയിലും പേരുവിവരം ലഭ്യമല്ല.

ക്ലബുകളുടെ രജിസ്റ്റ്രേഷൻ സംബന്ധിച്ച രേഖകൾ ഫയലില്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ ലഭ്യമല്ല. രേഖകൾ ലഭ്യമാക്കുന്നതു വരെയും ചെലവു തുക 20,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-40 പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ (ഓൺഗ്രിഡ് ) സ്ഥാപിക്കൽ - അനെർട്ടിൽ നിന്നും സബ്സിഡി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

പ്രോജക്ട് – പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ (ഓൺഗ്രിഡ്) സ്ഥാപിക്കൽ – (128/20)

ബിൽ നം -8/19-20 തിയ്യതി 26-6-19 തുക- 3,80,000/-

പദ്ധതി പ്രകാരം പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ (ഓൺഗ്രിഡ്) 5 വാട്ട് സ്ഥാപിക്കൽ പ്രവർത്തിക്കായി ടെണ്ടർ ലഭിച്ച ഇക്കോമേറ്റ് എന്ന സ്ഥാപനത്തിന് ബിൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. ടി ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.അനെർട്ടിൽ നിന്നും സബ്സിഡി ലഭിക്കുന്നതിന് പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചതിന് രേഖകളില്ല.

2. ഇക്കോമേറ്റ് എന്ന സ്ഥാപനത്തിന് അനെർട്ടിന്റെ എം പാനൽ ലിസ്റ്റിലുൾപ്പെട്ടതായിരിക്കെ അവരുമായി ഏർപ്പെട്ട കരാറിൽ സബ്സിഡി സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തി കാണുന്നില്ല.

3. ഫയൽ പരിശോധിച്ചതിൽ ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം നിലവിലുള്ള സോളാർ പാനൽ (ഓഫ്ഗ്രിഡ്) 5 വാട്ട് അപ്ഗ്രേഡ് ചെയ്യുന്ന പ്രവർത്തിയുംഉൾപ്പെടെയാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. എന്നാൽ ലഭ്യമാക്കിയ മറുപടി പ്രകാരം ടി പ്രവർത്തി ചെയ്തിട്ടില്ലാത്തതായി അറിയിച്ചിട്ടുണ്ട്. നിലവിൽ സോളാർ പാനൽ ഓഫ് ഗ്രിഡും ഓൺ ഗ്രിഡും കൂടി 10 വാട്ട് കപ്പാസിറ്റി ഉള്ളതാണ്. ഉചിതമായ സമയത്ത് നടപടികളെടുക്കാതെ അനെർട്ടിന്റെ സബ്സിഡിക്കുള്ള സാധ്യത നഷ്ടപ്പെടുത്തിയതു വഴി പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ജാഗ്രത കുറവുണ്ടായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-41 കരാറുകാരിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കേണ്ടത് സംബന്ധിച്ച്

2013 ൽ പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വൽ അനുസരിച്ച് കരാറുകാരന്റെ വീഴ്ച മൂലം പ്രൊജക്ട് നിർവ്വഹണത്തിൽ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ, കരാറുകാരൻ പ്രൊജക്ട് നിർവ്വഹണ കാലയളവ് ദീർഘിപ്പിക്കുന്നതിന് രേഖാമൂലം അപേക്ഷ നൽകണം. അപേക്ഷ പരിശോധിച്ച് സ്വീകാര്യമാണെന്ന് കാണുന്ന പക്ഷം പ്രൊജക്ട് നിർവ്വഹണ കാലയളവ് പ്രൊജക്ട് അടങ്കലിന്റെ 1% പിഴ ഈടാക്കിക്കൊണ്ട് യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% ദീർഘിപ്പിച്ച് നൽകാവുന്നതാണ്. പ്രൊജക്ട് അടങ്കലിന്റെ 2% പിഴ ഈടാക്കിക്കൊണ്ട് ഇപ്രകാരം ഒരു തവണ കൂടി യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% വരെ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 50% ൽ അധികരിച്ച് പ്രൊജക്ട് നിർവ്വഹണ സമയം ദീർഘിപ്പിച്ച് നൽകാൻ പാടില്ല. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ 2019-20 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് കരാർ എടുത്ത കരാറുകാരൻ പ്രവൃത്തി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവിനുള്ളിൽ പൂർത്തിയാക്കിയിട്ടില്ല. എന്നാൽ ഇപ്രകാരം കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനെതിരെ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന വിധം നടപടികൾ സ്വീകരിക്കുകയോ, സെക്ഷൻ 2112.1 പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രോജക്ട്, അടങ്കൽ, കരാറുകാരൻ | പൂർത്തീകരിക്കേണ്ട തീയതി, പൂർത്തീകരിച്ച തീയതി, കാലതാമസം | ചെലവ് വിവരം | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | സെന്റ്.ജോർജ് റോഡ് റീടാറിംഗ് | 31.3.19<br>28.1.20 | 267238<br>28/19-20 | പൂർത്തീകരണ കാലയളവിന്റെ |

| | | | | |
|---|---|---|---|---|
| | (163/20)<br>അടങ്കൽ തുക -<br>275000<br>Agreed PAC-<br>274072<br>കരാർ നമ്പർ –<br>25/18-19,7.9.18<br>അളവുപുസ്തകം –<br>136/18-19<br>ശ്രീരാമകൃഷ്ണൻ | 10 മാസം | 31.1.20 | ആദ്യത്തെ<br>25%<br>45 ദിവസം<br>274072x1%<br>=2741<br>രണ്ടാമത്തെ<br>25%<br>45 ദിവസം<br>274072x2%<br>=5481<br><br>ആകെ -<br>2741+5481 =<br>8222<br>ഈടാക്കിയ<br>തുക-2673<br>വ്യത്യാസം -<br>5549 |
| 2 | വെട്ടിക്കടവ്<br>അഞ്ചങ്ങാടി<br>റീടാറിംഗ് (167/20)<br>അടങ്കൽ തുക -<br>126000<br>Agreed PAC-<br>124307<br>കരാർ നമ്പർ –<br>13/18-19,7.9.18<br>അളവുപുസ്തകം –<br>105/18-19<br>പി.എച്ച്.അഷ്റഫ് | 31.3.19<br>28.10.19<br>7 മാസം | 113125<br>7/19-20<br>10.11.19 | പൂർത്തീകരണ<br>കാലയളവിന്റെ<br>ആദ്യത്തെ<br>25%<br>45 ദിവസം<br>124307x1%<br>=1243<br>രണ്ടാമത്തെ<br>25%<br>45 ദിവസം<br>124307x2%<br>=2486<br><br>ആകെ –<br>1243+2486 =<br>3729<br>ഈടാക്കിയ<br>തുക – 1132<br>വ്യത്യാസം -<br>2597 |
| 3 | സി.വി.ശ്രീരാമൻ<br>റോഡ് റീടാറിംഗ്<br>(159/20)<br>അടങ്കൽ തുക -<br>312000<br>Agreed PAC-<br>311630<br>കരാർ നമ്പർ –<br>22/18-19,7.9.18<br>അളവുപുസ്തകം –<br>134/18-19<br>ശ്രീരാമകൃഷ്ണൻ | 31.3.19<br>28.1.20<br>10 മാസം | 307072<br>27/19-20<br>31.1.20 | പൂർത്തീകരണ<br>കാലയളവിന്റെ<br>ആദ്യത്തെ<br>25%<br>45 ദിവസം<br>311630x1%<br>=3116<br>രണ്ടാമത്തെ<br>25%<br>45 ദിവസം<br>311630x2%<br>=6233<br><br>ആകെ –<br>3116+6233 =<br>9349<br>ഈടാക്കിയ |

| | | | | |
|---|---|---|---|---|
| | | | | തുക-3071<br>വ്യത്യാസം - 6278 |
| 4 | കപ്പൂർ ക്ഷേത്രം റോഡ് റീടാറിംഗ് (162/20)<br>അടങ്കൽ തുക - 205000<br>Agreed PAC-204769<br>കരാർ നമ്പർ - 24/18-19,7.9.18<br>അളവുപുസ്തകം - 134/18-19<br>ശ്രീരാമകൃഷ്ണൻ | 31.3.19<br>28.1.20<br>10 മാസം | 129745<br>31/19-20<br>31.1.20 | പൂർത്തീകരണ കാലയളവിന്റെ<br>ആദ്യത്തെ 25%<br>45 ദിവസം<br>204769x1%<br>=2048<br>രണ്ടാമത്തെ 25%<br>45 ദിവസം<br>204769x2%<br>=4095<br>ആകെ – 2048+4095 = 6143<br>ഈടാക്കിയ തുക-1298<br>വ്യത്യാസം - 4845 |
| 5 | പാമ്പുംകാവ് റോഡ് റീടാറിംഗ് (164/20)<br>അടങ്കൽ തുക - 305000<br>Agreed PAC-304938<br>കരാർ നമ്പർ – 26/18-19,7.9.18<br>അളവുപുസ്തകം – 138/18-19<br>ശ്രീരാമകൃഷ്ണൻ | 31.3.19<br>27.1.20<br>10 മാസം | 301991<br>29/19-20<br>31.1.20 | പൂർത്തീകരണ കാലയളവിന്റെ<br>ആദ്യത്തെ 25%<br>45 ദിവസം<br>304938x1%<br>=3049<br>രണ്ടാമത്തെ 25%<br>45 ദിവസം<br>304938x2%<br>=6099<br>ആകെ – 3049+6099 = 9148<br>ഈടാക്കിയ തുക-3020<br>വ്യത്യാസം - 6128 |
| 6 | എക്യുമെനിക്കൽ കുഴിക്കാട്ട് മന റോഡ് റീടാറിംഗ് (161/20)<br>അടങ്കൽ തുക - 380000<br>Agreed PAC-379520<br>കരാർ നമ്പർ – 23/18-19,7.9.18<br>അളവുപുസ്തകം – 135/18-19 | 31.3.19<br>28.1.20<br>10 മാസം | 376747<br>30/19-20<br>31.01.20 | പൂർത്തീകരണ കാലയളവിന്റെ<br>ആദ്യത്തെ 25%<br>45 ദിവസം<br>379520x1%<br>=3795<br>രണ്ടാമത്തെ 25%<br>45 ദിവസം<br>379520x2%<br>=7590 |

| | | | | |
|---|---|---|---|---|
| | ശ്രീരാമകൃഷ്ണൻ | | | ആകെ – 3795+7590 = 11385<br>ഈടാക്കിയ തുക-3768<br>വ്യത്യാസം - 7617 |
| 7 | ഉസ്മാൻ ഹാജിറോഡ് റീടാറിംഗ് (168/20)<br>അടങ്കൽ തുക - 65000<br>Agreed PAC-63838<br>കരാർ നമ്പർ – 14/18-19,7.9.18<br>അളവുപുസ്തകം – 99/18-19<br>പി.എച്ച്.അഷ്റഫ് | 31.3.19<br>28.12.19<br>9 മാസം | 63742<br>8/19-20<br>10.11.19 | പൂർത്തീകരണ കാലയളവിന്റെ<br>ആദ്യത്തെ 25%<br>45 ദിവസം<br>63838x1%<br>=638<br>രണ്ടാമത്തെ 25%<br>45 ദിവസം<br>63838x2%<br>=1276<br>ആകെ – 638+1276 = 1914<br>ഈടാക്കിയ തുക – 638<br>വ്യത്യാസം - 1276 |
| 8 | പോർക്കുളം സ്കൂൾ മുതൽഅണ്ടിത്തോട് വരെ റോഡ് റീടാറിംഗ് (166/20)<br>അടങ്കൽ തുക - 385000<br>Agreed PAC-384208<br>കരാർ നമ്പർ – 12/18-19,7.9.18<br>അളവുപുസ്തകം – 94/18-19<br>പി.എച്ച്.അഷ്റഫ് | 31.3.19<br>1.11.19<br>7 മാസം | 373495<br>9/19-20<br>10.11.19 | പൂർത്തീകരണ കാലയളവിന്റെ<br>ആദ്യത്തെ 25%<br>45 ദിവസം<br>384208x1%<br>=3842<br>രണ്ടാമത്തെ 25%<br>45 ദിവസം<br>384208x2%<br>=7684<br>ആകെ – 3842+7684 = 11526<br>ഈടാക്കിയ തുക – 3735<br>വ്യത്യാസം - 7791 |
| 9 | മങ്ങാട് കോളനി റോഡ് റീടാറിംഗ് (175/20)<br>അടങ്കൽ തുക - 437350<br>Agreed PAC-435205 | 31.3.19<br>29.10.19<br>7 മാസം | 373653<br>10/19-20<br>10.11.19 | പൂർത്തീകരണ കാലയളവിന്റെ<br>ആദ്യത്തെ 25%<br>45 ദിവസം<br>435205x1%<br>=4352 |

| | | | | |
|---|---|---|---|---|
| | കരാർ നമ്പർ – 18/18-19,7.9.18<br>അളവുപുസ്തകം – 101/18-19<br>പി.എച്ച്.അഷ്‌റഫ് | | | രണ്ടാമത്തെ 25%<br>45 ദിവസം<br>435205x2%<br>=8704<br><br>ആകെ – 4352+8704 = 13056<br>ഈടാക്കിയ തുക – 3737<br>വ്യത്യാസം - 9319 |
| 10 | കൂട്ടുങ്ങൽ ഇടവഴി റോഡ് റീടാറിംഗ് (156/20)<br>അടങ്കൽ തുക - 150000<br>Agreed PAC-149139<br>കരാർ നമ്പർ – 5/18-19,7.9.18<br>അളവുപുസ്തകം – 106/18-19<br>പി.എച്ച്.അഷ്‌റഫ് | 31.3.19<br>28.10.19<br>7 മാസം | 142602<br>11/19-20<br>10.11.19 | പൂർത്തീകരണ കാലയളവിന്റെ<br>ആദ്യത്തെ 25%<br>45 ദിവസം<br>149139x1%<br>=1491<br>രണ്ടാമത്തെ 25%<br>45 ദിവസം<br>149139x2%<br>=2982<br><br>ആകെ – 1491+2982 = 4473<br>ഈടാക്കിയ തുക – 1427<br>വ്യത്യാസം - 3046 |
| 11 | പൊന്നംമുല്ലപ്പിള്ളി റോഡ് റീടാറിംഗ് (155/20)<br>അടങ്കൽ തുക - 160000<br>Agreed PAC-159739<br>കരാർ നമ്പർ – 4/18-19,7.9.18<br>അളവുപുസ്തകം – 4/19-20<br>പി.എച്ച്.അഷ്‌റഫ് | 31.3.19<br>20.11.19<br>7 മാസം | 155718<br>13/19-20<br>16.12.19 | പൂർത്തീകരണ കാലയളവിന്റെ<br>ആദ്യത്തെ 25%<br>45 ദിവസം<br>159739x1%<br>=1597<br>രണ്ടാമത്തെ 25%<br>45 ദിവസം<br>159739x2%<br>=3194<br><br>ആകെ – 1597+3194 = 4791<br>ഈടാക്കിയ തുക – 1558<br>വ്യത്യാസം - 3233 |
| | ഈടാക്കാൻ ബാക്കിയുള്ള ആകെ | | | 57,679/- |

| | | | | | |
|---|---|---|---|---|---|
| | തുക | | | | |

ത.സ്വ.ഭ.വ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018 ലെ എ.സി.2.223/15 നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവർത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസ കാലയളവിൽ ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്നു മാസത്തിൽ രണ്ടു ശതമാനം നിരക്കിലും ഈടാക്കണം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ പ്രവർത്തികളിൽ നിന്നും ആകെ പ്രവർത്തി മൂല്യത്തിന്റെ 1% നിരക്കിൽ പിഴ ഈടാക്കിയിട്ടുണ്ട് എങ്കിലും കരാറുകാരനെതിരെ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന വിധം നടപടികൾ സ്വീകരിക്കുകയോ യഥാർത്ഥത്തിൽ ഈടാക്കേണ്ട തുക ഈടാക്കുകയോ ചെയ്തിട്ടില്ല.

ആയതിനാൽ ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 6/21.7.21 നൽകിയതിന് മറുപടിയായി കരാറുകാരിൽ നിന്നും തുക ഈടാക്കി അറിയിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 150000 | അംഗൻവാടി പോഷകാഹാരം (പ്രൊ.നം.81/20) | 150000 | 0 |
| | | 50000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രൊ.നം.12/20) | 50000 | 0 |
| | | 172110 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രൊ.നം.39/20) | 172000 | 110 |
| | | 500000 | പോർക്കുളം പി.എച്ച്.സി.യിൽ മുലയൂട്ടൽ കേന്ദ്രം (പ്രൊ.നം.152/20) | 405128 | 94872 |
| | | 300000 | ലൈഫ് ഭവന പദ്ധതി (പ്രൊ.നം.34/20) | 300000 | 0 |
| | | 100000 | പെയിൻ ആന്റ് പാലിയേറ്റീവ് (പ്രൊ.നം.57/20) | 100000 | 0 |
| | | 200000 | പറക്കുന്ന് അഞ്ചങ്ങാടി കുടിവെള്ള പദ്ധതി (പ്രൊ.നം.97/20) | 33850 | 166150 |

| | | | | | |
|---|---|---|---|---|---|
| | | 12000 | അംഗൻവാടി ബേബിഫ്രണ്ടലി ടോയ്‌ലെറ്റ് നിർമ്മാണം (പ്രൊ.നം.193/20) | 0 | 12000 |
| | | 75000 | വൃദ്ധക്ഷേമ പരിപാടി (പ്രൊ.നം.138/20) | 0 | 75000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 25000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രൊ.നം.12/20) | 25000 | 0 |
| | | 137500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രൊ.നം.39/20) | 65900 | 71600 |
| | | 100000 | പെയിൻ ആന്റ് പാലിയേറ്റീവ് (പ്രൊ.നം.57/20) | 100000 | 0 |
| | | 800000 | മങ്ങാടി പുളിഞ്ചുവട് കാന നിർമ്മാണം (പ്രൊ.നം.172/20) | 730137 | 69863 |
| | | 100000 | സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷൻ (പ്രൊ.നം.6/20) | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 21900753/ 06.12.19 | 5865 | - | 5865 |
| | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 21900817/ 30.12.19 | 74104 | - | 74104 |
| | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 21900818/ 30.12.19 | 25896 | - | 25896 |
| | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 21900951/ 30.12.19 | 224475 | - | 224475 |
| | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 21901134/ 27.01.20 | 76986 | - | 76986 |
| | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 21901139/ 27.01.20 | 100000 | - | 100000 |
| ഭൂജല വകുപ്പ് | കുഴൽകിണർ നിർമ്മാണം | 21801200/ 26.02.19 | 275902 | - | 275902 |
| | കുഴൽകിണർ നിർമ്മാണം | 21801201/ 27.02.19 | 1840 | - | 1840 |
| | കുഴൽകിണർ നിർമ്മാണം(127/20) | 21900602/ 01.06.19 | 32250 | - | 32250 |
| | കുഴൽകിണർ നിർമ്മാണം(127/20) | 21900603/ 01.06.19 | 85910 | - | 85910 |
| | കുഴൽകിണർ നിർമ്മാണം | 21801044/ 06.07.19 | 16842 | - | 16842 |
| | കുഴൽകിണർ നിർമ്മാണം(145/20) | 219001198/ 29.01.20 | 464090 | - | 464090 |
| | പറക്കുന്ന് ആനചത്തങ്ങാടി | 219001039/ 27.01.20 | 83850 | - | 83850 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി (97/20) | | | | |
| KWA | കുടിവെള്ള വിതരണ പദ്ധതി | 41800406/ 25.03.19 | OB- 357850 | - | 357850 |
| | കുടിവെള്ള വിതരണ പൈപ്പ് ലൈൻ(124/20) | 41900318/ 31.03.20 | 120000 | - | 120000 |
| പിഡബ്ല്യുഡി ഇലക്ട്രിക്കൽ | എംസിഎഫ് വൈദ്യുതീകരണം | 21900997/ 09.01.20 | 56890 | - | 56890 |
| | പിഎച്ച്സി മുലയൂട്ടൽ കേന്ദ്രം വൈദ്യുതീകരണം | 21900998/ 09.01.20 | 30721 | - | 30721 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വായ്പയുടെ തുക വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി HUDCO | 326 / ഡി.ബി./0 1 / 2017/ ത.സ്വ.ഭ.വ തീയതി : 23.11.2017 | 2338336 | 838336 | 191176 | 0 | 647160 |
| (KURDFC) ലോൺ | ഉത്തരവ് ലഭ്യമല്ല | 1300000 | - | - | - | 1300000 |
| ആകെ | | | | | | 1947160 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതി നമ്പർ /തീയതി |
|---|---|---|---|---|
| 2017 -18 | 2.6 | 200 | സൈമൺ | 119050100836/15.07.2019 |
| | 3-16 | 85550 | മിത്രം.ജെ.എൽ.ജി ഗ്രൂപ്പ് | 119090900004/24.09.2019 |
| ആകെ | | 85750 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,15,63,058 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,17,51,762 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 23,72,017 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 1,83,200 | ഷീജ.എൻ.വി, അസി.സെക്രട്ടറി |
| 1-28 | 1,65,720 | ബിജു. സി.എസ്, ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 1-29 | 6,42,450 | ഡോ.ബൈജു.ഇ.കെ, വെറ്ററിനറി സർജൻ |
| 1-31 | 3,23,154 | ഷീജ.എൻ.വി, അസി.സെക്രട്ടറി |
| 1-35 | 10,07,493 | വൃന്ദ.വി, സെക്രട്ടറി |
| 1-37 | 30,000 | വൃന്ദ.വി, സെക്രട്ടറി |
| 1-39 | 20,000 | വൃന്ദ.വി, സെക്രട്ടറി |
| ആകെ | 23,72,017 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1983-84, 84-85 | | ഓഡിറ്റ് റിപ്പോർട്ട് ലഭ്യമല്ല |
| 88-89, 89-90 | | ഖണ്ഡികകൾ 39, 17, 20 നിലനിൽക്കുന്നു |
| 90-91 | | 7(ജി),7(എച്ച്),(ഐ),(ജെ), 15, 16 നിലനിൽക്കുന്നു |
| 92-93 93-94 | | ഖണ്ഡികകൾ 9(ഡി),(ഇ), 1(ഐ),(ജെ) നിലനിൽക്കുന്നു |
| 94-95 | | ഖണ്ഡികകൾ 9(ഇ), എഫ്,(ജി),(എച്ച്) നിലനിൽക്കുന്നു |
| 96-97 | എൽ.എഫ്.ടി.10-1404/01/02-02-02 | |
| 98-99 | എൽ.എഫ്.ടി.10-65/05/30-09-05 | |
| 99-00 | എൽ.എഫ്.ടി.10-66/05/30-09-05/21-11-05 | |
| 99-00 മുതൽ 2001-02 വരെ ജനകീയാസൂത്രണം | എൽ.എഫ്.ടി.10-1080/03/08-12-2003 /25-03-04 | |
| 2000-01 | എൽ.എഫ്.ടി.10-151/06/19-06-06 | |
| 01-02 | എൽ.എഫ്.ടി.10-150/06/29-08-06 /31-10-06 | |
| 02-03 | എൽ.എഫ്.ടി.10-152/07/08-10-07 | |
| 03-04 | എൽ.എഫ്.ടി.10-121/07-11-07/08-01-08 | |
| 04-05 | എൽ.എഫ്.ടി.10-1956/08/23-06-10 | |
| 05-06 | എൽ.എഫ്.ടി.10-1957/08/23-06-10 /17-08-10 | |

| | | |
|---|---|---|
| 06-07 | എൽ.എഫ്.ടി.10-568/10/17-05-11/11-10-11 | |
| 07-08 മുതൽ 10-11 വരെ | എൽ.എഫ്.ടി(പി2)-1619/12/18-03-13/ 02-08-13 | |
| 11-12 | എൽ.എഫ്.ടി.പി.6-913/13 തി.22-11-13/01.01.14 | |
| 12-13 | എൽ.എഫ്.ടി.പി.9-1442/14 തി.05-01-15/07-03-15 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ (പി.9)1209/15/ 20.10.15/04.11.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(പി.9) 999/16 തി-24.06.2016 | |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ (പി.8) 1279/16 തി.01.11.2016 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി6)/1406/2017 തീയതി 14.09.2017 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി6)/1371/2018 തീയതി:04.10.2018 | |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി6)/372/2020 തീയതി:18.5.2020 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്